കേരള സർക്കാർ

# പ്രതിമാസ റിപ്പോർട്ട്

(ഒക്ടോബർ 2023)

## ഉള്ളടക്കം


| | |
|---|---|
| **ഹരിത കേരളം മിഷൻ** | 5 |
| **ലൈഫ് മിഷൻ** | 24 |
| **വിദ്യാകിരണം** | 27 |
| **ആർദ്രം മിഷൻ** | 29 |
| **മോണിറ്ററിങ് & ഇവാല്യുവേഷൻ** | 35 |

# പ്രവർത്തന റിപ്പോർട്ട് 2023 ഒക്ടോബർ

നവകേരളം കർമപദ്ധതി-II ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തോടെ 2023 ഒക്ടോബർ മാസത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ടാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## ഹരിത കേരളം മിഷൻ

ഹരിത കേരളം മിഷന്റെ പ്രവർത്തന മേഖലകളിൽ സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മിഷൻ ഏകോപിപ്പിക്കുന്നുണ്ട്. വിവിധ വകുപ്പുകളും ഏജൻസികളും പ്രവർത്തന മേഖലയിലെ വിദഗ്ധരും ചേർന്നാണ് ഇത്തരം പദ്ധതികൾ യാഥാർഥ്യമാക്കുന്നത്. ജനജീവിതത്തിൽ പ്രകടമായ മാറ്റം സൃഷ്ടിക്കുന്നതിനു പ്രാദേശിക തലത്തിൽ വരുമാന വർധനവിനു സഹായകരമായ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്.

നാടിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഹരിത കേരളം മിഷൻ നടത്തുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഹരിത കേരളം മിഷൻ ഒക്ടോബർ മാസത്തിൽ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു

- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി 3108 യോഗങ്ങൾ ഒക്ടോബർ മാസം നടന്നിട്ടുണ്ട്.
- 103 ജില്ലാ തല യോഗങ്ങളും, 227 ബ്ലോക്ക് തല യോഗങ്ങളും 1327 തദ്ദേശ സ്വയംഭരണ യോഗങ്ങളും 1451 സ്ഥാപനതല യോഗങ്ങളും ഉൾപ്പെടുന്നു.
- ഒക്ടോബർ മാസം കൂടിയ യോഗങ്ങളിൽ 10206 ജനപ്രതിനിധികളും 15686 ഉദ്യോഗസ്ഥരും, 16370 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 42262 പേർ പങ്കെടുത്തിട്ടുണ്ട്.
- വിവിധ മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 222 ശില്പശാലകൾ സംഘടിക്കപ്പെട്ടിട്ടുണ്ട്. ഈ ശില്പശാലകളിൽ 11692 പേർ പങ്കെടുത്തിട്ടുണ്ട്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി 72 ശില്പശാലകളും
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കു വേണ്ടി ഹരിത കേരളം മിഷൻ 721 പരിശീലനങ്ങൾ ഒക്ടോബർ മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനത്തിലൂടെ 23945 പേർ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഭാഗമായിട്ടുണ്ട്.
- വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി ഒക്ടോബർ മാസത്തിൽ 2778 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. ഇത്തരം ഇടപെടലുകളുടെ ഭാഗമായി ഒക്ടോബർ മാസത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾ യാഥാർഥ്യമാക്കുന്നതിനോടൊപ്പം (ഗാന്ധി ജയന്തിയുമായി ബന്ധപെട്ട ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുള്ള 127556 ഉൾപ്പെടെ) 132290 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി ഒക്ടോബർ മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

## പ്രവർത്തന പുരോഗതി ഒറ്റ നോട്ടത്തിൽ

| ജലസംരക്ഷണം പ്രവർത്തനങ്ങൾ | 2023 സെപ്റ്റംബർ വരെ | 2023 ഒക്ടോബർ | ആകെ |
|---|---|---|---|
| സ്ഥാപിച്ച ജലഗുണനിലവാര നിർണ്ണയ ലാബുകൾ (എണ്ണം) | 207 | 0 | 207 |
| ലാബുകൾ നടത്തിയ പരിശോധനകൾ എണ്ണത്തിൽ | 17204 | 1111 | 18315 |
| പുനരുജ്ജീവിപ്പിച്ച നീർച്ചാലുകൾ കിലോമീറ്ററിൽ | 25453.61 | 665.53 | 26119.14 |
| പുനരുജ്ജീവിപ്പിച്ച കുളങ്ങൾ എണ്ണത്തിൽ | 2618 | 74 | 2702 |
| നിർമ്മിച്ച കുളങ്ങൾ എണ്ണത്തിൽ | 4222 | 60 | 4282 |
| റീചാർജ് ചെയ്ത കിണറുകൾ എണ്ണത്തിൽ | 7223 | 139 | 7362 |
| നിർമ്മിച്ച കിണറുകൾ എണ്ണത്തിൽ | 14412 | 220 | 14632 |
| നിർമ്മിച്ച സ്ഥിര തടയണകൾ എണ്ണത്തിൽ | 437 | 4 | 441 |
| നിർമ്മിച്ച താൽക്കാലിക തടയണകൾ എണ്ണത്തിൽ | 44106 | 1063 | 45169 |
| മാപ്പത്തോൺ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്ത പഞ്ചായത്തുകൾ | | | 230 |
| മാപ്പത്തോൺ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകൾ | | | 201 |
| മാപ്പത്തോൺ നീർച്ചാൽ പുനരുജ്ജീവനം (കിമീ) | | | 134 |
| നീർച്ചാൽ പാർശ്വഭിത്തി സംരക്ഷണ കയർ ഭൂവസ്ത്രം (sq mtr) | | | 3686849 |
| ജലം പ്രയോജനപ്പെടുത്താൻ ലക്ഷ്യം ഇട്ടിട്ടുള്ള പാറ ക്വാറി റീച്ചാർജുകളുടെ എണ്ണം | | | 2 |
| കാർഷിക പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ | | | |
| സ്ഥാപിച്ച പച്ചത്തുരുത്തുകളുടെ എണ്ണം | 2703 | 59 | 2762 |
| പച്ചത്തുരുത്തുകളുടെ ആകെ വിസ്തൃതി (ഏക്കറിൽ) | 816.76 | 8.25 | 825.01 |
| തരിശുരഹിത ഗ്രാമം പദ്ധതി - നടത്തുന്ന പഞ്ചായത്തുകൾ | | | 116 |
| ഹരിതസമൃദ്ധി വാർഡായി തിരഞ്ഞെടുത്ത വാർഡുകളുടെ എണ്ണം | | | 1643 |
| ദേവഹരിതം കൃഷി നടത്തുന്ന ആരാധനാലയങ്ങൾ | | | 59 |
| സ്ഥാപനതല കൃഷി നടന്നു വരുന്ന സ്ഥാപനങ്ങൾ | | | 65 |
| ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ | | | |
| ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിന് തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ | | | 78 |
| ഹരിത സ്ഥാപനമായി മാറ്റുന്നതിന് തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | | | 7943 |
| ഹരിത സ്ഥാപനമായി പ്രഖ്യാപിച്ചത് (ഒക്ടോബർ വരെ) | | | 1956 |
| 1,034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | 34557 | 490 | 35,047 |
| വാതിൽപ്പടി ശേഖരണം നടത്തുന്ന വീടുകളുടെ എണ്ണം (2023 ഒക്ടോബർ മാസം) (ലക്ഷത്തിൽ) | | | 79.81 |
| സംസ്ഥാനത്ത് ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്ന സ്ഥാപനങ്ങൾ (ലക്ഷം) | | | 7.5 |

| | | | |
|---|---|---|---|
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക കൈമാറിയ തരം തിരിച്ച പ്ലാസ്റ്റിക് (ടൺ)(ഒക്ടോബർ മാസം) | | | **911.762** |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക കൈമാറിയ നിഷ്ക്രിയ മാലിന്യം (ടൺ)(ഒക്ടോബർ മാസം) | | | **1780.029** |
| ശേഖരിച്ച അജൈവ പാഴ് വസ്തുക്കളിൽ ക്ളീൻ കേരള കമ്പനിക്ക കൈമാറിയ ഇ-മാലിന്യം (ടൺ)(ഒക്ടോബർ മാസം) | | | **64.517** |
| യൂസർഫീ ഇനത്തിൽ ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുള്ള വരുമാനം (2023 ഒക്ടോബർ)(കോടി) | | | **27.47** |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MCFകളുടെ എണ്ണം | | | **1313** |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള MINI MCFകളുടെ എണ്ണം | | | **16114** |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള (ആർ.ആർ.എഫ്) കേന്ദ്രങ്ങൾ | | | **138** |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് നടപ്പിലാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | | | **621** |
| മാലിന്യ ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ്പ് വഴി എൻറോൾ ചെയ്ത കെട്ടിടങ്ങൾ (ലക്ഷം) | | | **72.2** |

# ഹരിത കേരളം മിഷൻ പ്രത്യേക പ്രവർത്തനങ്ങൾ

## 1) നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ

ഹരിതഗൃഹ വാതകങ്ങളുടെ അളവ് കുറച്ച് 2050-ൽ നെറ്റ് സീറോ കാർബൺ അവസ്ഥയിലെത്താനുള്ള പ്രവർത്തനങ്ങൾക്കായി നവകേരളം കർമപദ്ധതി - II ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ കാമ്പയിൻ പ്രവർത്തനങ്ങൾ സംസ്ഥാനത്തു മേയ് മാസം മുതൽ നടന്നു വരികയാണ്.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ - കാമ്പയിൻ | |
|---|---|
| നെറ്റ് സീറോ കാമ്പയിനു വേണ്ടി തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 85 |
| നെറ്റ് സീറോ-അംഗൻ ജ്യോതിയിൽ ഉൾപെടുത്താൻ വേണ്ടി തിരഞ്ഞെടുത്ത അങ്കണവാടികൾ | 2211 |
| ഊർജ്ജ ഓഡിറ്റിനായി തിരഞ്ഞെടുത്ത സർക്കാർ സ്ഥാപനങ്ങൾ | 1534 |
| കുഞ്ഞൻ (പിക്കോ) ജലവൈദ്യുത പദ്ധതികൾക്കായി കണ്ടെത്തിയ ജലസ്രോതസ്സുകൾ | 23 |
| മാതൃകാ ഊർജ കാര്യക്ഷ സ്ഥമതാ സ്ഥാപനം | 85 |
| മാതൃകാ നെറ്റ് സീറോ സ്കൂളുകൾ | 14 |
| മാതൃകാ ഊർജ കാര്യക്ഷമത സ്കൂളുകൾ | 84 |
| ഗ്രീൻ ടെക്നീഷ്യൻമാർക്ക് repair and maintenance പരിശീലനം. | 109 |
| അധ്യാപകർക്ക് ഊർജ്ജ സംരക്ഷണത്തിൽ പരിശീലനം. | 424 |

കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ ശേഖരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

- ❖ ഒരു ജില്ലയിൽ നിന്ന് കുറഞ്ഞത് 5 ഗ്രാമ പഞ്ചായത്തുകൾ വീതം ആകെ 84 ഗ്രാമപഞ്ചായത്തുകളെയും ഒരു നഗരസഭയെയും (വടകര) തിരഞ്ഞെടുത്തിട്ടുണ്ട്.
- ❖ പ്രാരംഭ ശില്പശാല, സാങ്കേതിക വിദഗ്ധരുടെ (കോർ ഗ്രൂപ്പ്) ശില്പശാല, കാർബൺ എമിഷൻ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ, പരിശീലകരുടെ പരിശീലനം എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.
- ❖ എനർജി മാനേജ്മെന്റ് സെന്ററുമായി യോജിച്ച് ഊർജ്ജ സംരക്ഷണ മേഖലയിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.
- ❖ നെറ്റ് സീറോ ഗ്രാമപഞ്ചായത്തുകളിലെ 84 സ്കൂളുകളെ മാതൃകാ ഊർജ്ജ കാര്യക്ഷമതാ പ്രവർത്തനം നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തു.
- ❖ കണ്ണൂർ ജില്ലയിൽ 5 ഗ്രാമപഞ്ചായത്തുകളിൽ കഴിഞ്ഞ 2 മാസങ്ങളിലായി 908 ഊർജ്ജ സംരക്ഷണ ക്ലാസുകൾ സംഘടിപ്പിച്ചതിൽ 19247 പേരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- ❖ നെറ്റ് സീറോ കാർബൺ ലക്ഷ്യത്തിനു വേഗത കൂട്ടാൻ കണ്ണൂർ ജില്ലയിൽ ഹരിതകേരള മിഷൻ ഓർമ്മമരം കാമ്പയിൻ ആവിഷ്കരിച്ചു. ജില്ലയിൽ 35 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 376 ഓർമ മരങ്ങൾ നട്ട് പിടിപ്പിച്ചിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിലെ നെറ്റ് സീറോ കാർബൺ പ്രവർത്തനങ്ങളുടെ പ്രചാരണത്തിന്റെ ഭാഗമായി കരീപ്ര ഗ്രാമപഞ്ചായത്തിൻറെ നേതൃത്വത്തിൽ വിളംബര ഘോഷയാത്രയും സൈക്കിൾ റാലിയും സംഘടിപ്പിച്ചു.
- ❖ കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമ പഞ്ചായത്ത് നെറ്റ് സീറോ പ്രവർത്തനങ്ങളുടെ ഭാഗമായി കോർ ഗ്രൂപ്പ് വീടുകൾ സന്ദർശിച്ച് 100 വീടുകൾ ഹരിത ഭവനങ്ങളായി കണ്ടെത്തി. 100 വീടുകളും നവംബർ 1-ന് ഹരിത ഭവനങ്ങളായി പ്രഖ്യാപിക്കുന്നതിനും, സർട്ടിഫിക്കേറ്റ് നൽകുന്നതിനും തീരുമാനിച്ചു.

| നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| **36** | **203** | **228** | **558** | **989** | **2** | **108** | **573** | **15202** | **60** | **55** |

2) ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ

എല്ലാ ജില്ലകളിലെയും ഓരോ ബ്ലോക്കിലും കോഴിക്കോട് ജില്ലയിലെ രണ്ട് ബ്ലോക്കിലും പെട്ട 94 ഗ്രാമ പഞ്ചായത്തുകളിൽ ആദ്യമായി ജല ബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. രണ്ടാമതായി തിരെഞ്ഞെടുത്ത 253 ഗ്രാമ പഞ്ചായത്തുകളിൽ, 22 ഗ്രാമ പഞ്ചായത്തുകളിൽ കൂടി ജല ബജറ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| ജല ബജറ്റ് - ജല സുരക്ഷ പ്ലാൻ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 158 | 737 | 1051 | 589 | 2377 | 31 | 962 | 12 | 338 | 159 | 216 |

2.1) ജലബജറ്റ് പ്രവർത്തനപുരോഗതി - ജലബജറ്റ് 253 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡിസംബർ 31നു റിപ്പോർട്ട് പൂർത്തീകരിക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു. ഇവകൂടി പൂർത്തീകരിക്കുന്നതോടെ കേരളത്തിലെ 37 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് (ആകെ 347 എണ്ണം) തയ്യാറാക്കുവാൻ സാധിക്കും എന്നത് ശ്രദ്ധേയമാണ്. റിപ്പോർട്ട് മാസത്തിൽ 18 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. ഇത് ഉൾപ്പെടെ 88 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നാളിതു വരെ വിവരശേഖരണം പൂർത്തീകരിച്ചു. കൂടാതെ ഈ മാസം 3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ 22 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ കാലയളവിൽ റിപ്പോർട്ട് അവതരണവും പ്രസിദ്ധീകരണവും നടത്തിയിട്ടുണ്ട്.

| പുരോഗതി - ഒക്ടോബർ | | | |
|---|---|---|---|
| രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾ | പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം | വിവര ശേഖരണം പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം | റിപ്പോർട്ട് പൂർത്തിയാക്കിയ (ത: സ്വ :ഭ: സ) എണ്ണം |
| 253 | 184 | 88 | 22 |

2.2) ജലബജറ്റ് - തുടർ പ്രവർത്തനങ്ങൾ

കേരളത്തിൽ ആദ്യഘട്ടത്തിൽ ജലബജറ്റ് പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭരണസമിതിയുടെ മുൻപിൽ റിപ്പോർട്ട് അവതരിപ്പിച്ച് രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് സജ്ജമാക്കിയിട്ടുണ്ട്. ജലബജറ്റിൽ നിന്നും ജലസുരക്ഷ പ്ലാനിലേക്ക് സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനമാണ് നടന്നു വരുന്നത്. മഴ കുറഞ്ഞ വർഷമായതിനാൽ ജലബജറ്റിന്റെ ഇടപെടലുകൾക്ക് കൂടുതൽ പ്രാധാന്യമുണ്ട്. കൃഷി വകുപ്പിന്റെ

ഭാഗമായി മൾചിംഗ്, ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന്റെ ഭാഗമായിട്ടുള്ള കിണർ റീച്ചാർജ്ജിംഗ്, നീരുറവ് പദ്ധതിയുടെ ഭാഗമായിട്ടുള്ള കുളങ്ങളുടെ നിർമ്മാണം, കിണർ റീച്ചാർജ്ജിംഗ് എന്നീ പ്രവർത്തനങ്ങൾ നടന്നു വരുന്നു. വരൾച്ച മുൻകൂട്ടി കണ്ട് തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വിവിധ വകുപ്പുകളുടെ സഹകരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉറപ്പാക്കിയിട്ടുണ്ട്.

### 3) നീരുറവ്

കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലുമുള്ള ഓരോ നീർത്തട പ്രദേശത്തിലും ആവശ്യമായ മണ്ണ് സംരക്ഷണ/വികസന പ്രവർത്തനങ്ങൾക്കുള്ള മാസ്റ്റർപ്ലാനിന് രൂപംകൊടുത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ഹരിത കേരള മിഷനും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് നീരുറവ് പദ്ധതി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര മാനദണ്ഡങ്ങൾക്കനുസരിച്ച് നീർത്തടാധിഷ്ഠിത വികസനത്തിന് അനുയോജ്യമായ നിലയിൽ പ്രാദേശികതലത്തിൽ ക്രമീകരിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും നീരുറവ് ബ്ലോക്കുതല ടെക്നിക്കൽ കമ്മിറ്റി യോഗങ്ങൾ ഒക്ടോബർ മാസത്തിൽ പൂർത്തിയായിട്ടുണ്ട്. നിലവിൽ തദ്ദേശസ്വയംഭരണ തലത്തിലെ ടെക്നിക്കൽ കമ്മിറ്റി യോഗങ്ങൾ നടക്കുന്നുണ്ട്.

നീരുറവ്, ജലബജറ്റ് എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ഫീൽഡ് തല നടപടികൾ പ്രാവർത്തികമാക്കുന്നതിനും ജില്ലാ സാങ്കേതിക സമിതി അംഗങ്ങൾക്കായുള്ള സംസ്ഥാന തല പരിശീലനം 2023 ഒക്ടോബർ 6,7 തിയതികളിൽ തിരുവനന്തപുരത്തു നടന്നു. സംസ്ഥാന തല ശിൽപശാലയ്ക്ക് ജില്ലകളിൽ നിന്നും 205 സാങ്കേതിക സമിതി അംഗങ്ങൾ പങ്കെടുത്തു.

നീരുറവ് പദ്ധതിയുടെ ഭാഗമായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ കരട് മാസ്റ്റർ പ്ലാൻ കുറ്റമറ്റതാക്കുവാനും, ജല ബഡ്ജറ്, മാപ്പത്തോൺ എന്നിവയുടെ ഫീൽഡ് തല കണ്ടെത്തലുകൾ കൂടി സംയോജിപ്പിച്ച് മാസ്റ്റർപ്ലാൻ പരിഷ്കരിക്കുന്നതിനും, നടത്തേണ്ട പ്രവർത്തനങ്ങൾ മുൻഗണന അടിസ്ഥാനത്തിൽ ക്രമീകരിക്കുവാനും ശില്പശാലയിൽ തീരുമാനിച്ചു. ഒരോ ബ്ലോക്കിൽ നിന്നും ഒരു ഗ്രാമപഞ്ചായത്തിനെ പൈലറ്റ് അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് നീരുറവ് മാതൃകാ പ്രവർത്തനം നടത്താൻ ശില്പശാലയിൽ തീരുമാനിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തല ടെക്നിക്കൽ കമ്മിറ്റി യോഗം നടന്നു വരുന്നു. വരൾച്ച മുൻകൂട്ടി കണ്ട് ജലസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ത്വരിതമായി നടന്നുവരുന്നുണ്ട്.

എല്ലാ തദ്ദേശസ്ഥാപനങ്ങളിലും നീരുറവ് പദ്ധതി പ്രവർത്തന ആരംഭം ഉദ്ഘാടനം നവംബർ 1 ന് നടക്കുന്നതാണ്. ജലസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള തുടർ കാര്യപരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. നീർച്ചാൽ പുനരുജ്ജീവനം, കിണർ റീച്ചാർജ്ജിങ്, മഴ വെള്ള കൊയ്ത്ത് എന്നീ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

| നീരുറവ് | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| **283** | **1095** | **2457** | **700** | **4252** | **32** | **1206** | **9** | **450** | **153** | **111** |

## 4) സുരക്ഷിതമാക്കാം പശ്ചിമഘട്ടം

പശ്ചിമഘട്ട മേഖലയിൽ മണ്ണൊലിപ്പിനും ഉരുൾപൊട്ടലുമുള്ള സാദ്ധ്യതകൾ ലഘൂകരിക്കുന്നതിനായി നീർച്ചാലുകൾ പുനരുജ്ജീവിപ്പിച്ച് നീരൊഴുക്ക് സുഗമമാക്കേണ്ടതുണ്ട്. ഇതിന്റെ ആദ്യ ഘട്ടമായി നീർച്ചാലുകളുടെ ശാസ്ത്രീയമായ മാപ്പിംഗ് "മാപ്പത്തോൺ" നടന്നു വരുന്നു.

RKI യുടെ സഹായത്തോടെയുള്ള ഈ പദ്ധതി 9 ജില്ലകളിൽ പുരോഗതിയിലാണ്. ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ എല്ലാ ശ്രേണിയിലുംപെട്ട നീർചാലുകളുടെ വ്യത്യസ്തവും കൃത്യതയുമുള്ള മാപ്പുകൾ നിർമ്മിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്.

ലക്ഷ്യം വച്ചിട്ടുള്ള 230 ഗ്രാമപഞ്ചായത്തുകളിലെയും മാപ്പത്തോൺ പ്രവർത്തനം നവംബർ മാസത്തിൽ പൂർത്തീകരിക്കുന്നതാണ്.

### 4.1) മാപ്പത്തോൺ പ്രവർത്തനപുരോഗതി - ഒക്ടോബർ 2023

മാപ്പത്തോൺ പൂർത്തീകരിച്ച പഞ്ചായത്തുകളിൽ പ്രവർത്തനങ്ങളായ നീർച്ചാലുകൾ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കി, മണ്ണിടിച്ചിലും ഉരുൾ പൊട്ടലും കുറയ്ക്കുന്നതിനുവേണ്ടിയുള്ള അടുത്ത ഘട്ട പ്രവർത്തനങ്ങൾ സംസ്ഥാനത്തെ അഞ്ചു ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്.

രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി പഞ്ചായത്തുകളിൽ ആക്ഷൻ പ്ലാൻ തയാറാക്കിയിട്ടുണ്ട്. ജനകീയ സമിതി രൂപീകരിച്ച് ബോധവൽകരണ പ്രവർത്തനങ്ങൾ, തോടുകളുടെ സമീപ പ്രദേശത്തെ soak pit ഇല്ലാത്ത വീടുകളിൽ soak pit നിർമിച്ച് നൽകൽ, തോടുകളിലെ മാലിന്യം നീക്കം ചെയ്യാൻ പൊതു ശുചീകരണ യജ്ഞം, അനധികൃത കയ്യേറ്റം തിരിച്ചുപിടിക്കാനുള്ള നടപടികൾ, കളസസ്യങ്ങളും ചെളിയും മറ്റ് മാലിന്യങ്ങളും അടഞ്ഞുകൂടിയിരിക്കുന്ന തോടുകളുടെ ശുചീകരണം, സംരക്ഷണഭിത്തി ഇല്ലാത്തതോ ഇടിഞ്ഞതോ ആയ തോടുകളുടെ കണക്കുകൾ ശേഖരിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ കയർ ഭൂവ വസ്ത്രമോ കരിങ്കല്ലോ വെച്ച് സംരക്ഷണ ഭിത്തികൾ നിർമാണം, വലിയ തോതിൽ മലിനമായിരിക്കുന്ന തോടുകളിൽ സ്ക്വാഡ് പരിശോധന, മണ്ണിട്ട് മൂടപ്പെട്ട നീർച്ചാലുകളുടെ പട്ടിക, വഴി മാറി ഒഴുകുന്ന നീർച്ചാലുകളുടെ പട്ടിക, ആയത് വീണ്ടെടുക്കാനുള്ള നടപടികൾ എന്നിവ ആക്ഷൻ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

| മാപ്പത്തോൺ-തിരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | പുരോഗതി - ഒക്ടോബർ | | | |
|---|---|---|---|---|
| | ഫീൽഡ് വിസിറ്റ് പൂർത്തീകരിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | അപ്രൂവൽ ലഭിച്ച ഗ്രാമപഞ്ചായത്തുകൾ (എണ്ണം) | മാപ്പത്തോൺ മൂന്നാം ഘട്ടം ആരംഭിച്ച ഗ്രാമ പഞ്ചായത്തുകൾ (എണ്ണം) | പുനരുജ്ജീവിപ്പിച്ച തോട് / നീർച്ചാലിന്റെ നീളം (കിമീ) |
| **230** | **201** | **159** | **21** | **134.0** |

കൊല്ലം ജില്ലയിലെ മാപ്പത്തോൺ പൂർത്തീകരിച്ച 7 പഞ്ചായത്തുകളിലും കോഴിക്കോട് ജില്ലയിലെ മാപ്പത്തോൺ പൂർത്തീകരിച്ച 8 പഞ്ചായത്തുകളിലും വയനാട്, കണ്ണൂർ ജില്ലയിലെ മാപ്പത്തോൺ പൂർത്തീകരിച്ച 6 പഞ്ചായത്തുകളിലും അടുത്ത ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതുൾപ്പെടെ നിലവിൽ മൂന്നാം ഘട്ട പ്രവർത്തനങ്ങൾ 21 ഗ്രാമ പഞ്ചായത്തിൽ നടന്നു വരുന്നു.

| മാപ്പത്തോൺ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| **9** | **46** | **41** | **215** | **302** | **0** | **0** | **1** | **31** | **22** | **180** |

## 5) പച്ചത്തുരുത്തുകൾ

പച്ചത്തുരുത്ത് പദ്ധതിയുടെ ഭാഗമായി ഒക്ടോബർ മാസത്തിൽ 8.25 ഏക്കർ സ്ഥലത്തു 59 പുതിയ പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. ഇതു ഉൾപ്പെടെ 2019 ജൂൺ മാസം മുതൽ ഇതുവരെ 825.01 ഏക്കർ സ്ഥലത്ത് 2762 പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുണ്ട്.

| പച്ചത്തുരുത്തുകൾ | സെപ്റ്റംബർ മാസം വരെ | ഒക്ടോബർ മാസം | ആകെ |
|---|---|---|---|
| എണ്ണം | 2703 | 59 | 2762 |
| വിസ്തൃതി (ഏക്കർ) | 816.76 | 8.25 | 825.01 |

102 പച്ചത്തുരുത്തുകളിൽ പുനർ സന്ദർശനം നടത്തി അവസ്ഥ പരിശോധിച്ചു നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുനർ സന്ദർശനം നടത്തിയ പച്ചത്തുരുത്തുകളിൽ 28 ഇടങ്ങളിലായി 813 പുതു തൈകൾ നട്ടിട്ടുണ്ട്. പുനർ സന്ദർശനം നടത്തിയ പച്ചത്തുരുത്തുകളിൽ 32 പച്ചത്തുരുത്തുകളിൽ ജൈവവേലി സ്ഥാപിച്ചിട്ടുള്ളതായും 40 പച്ചത്തുരുത്തുകളിൽ സംഘാടക സമിതി രൂപീകരിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

- ❖ എറണാകുളം ജില്ലയിൽ റെയിൽവേ പ്രദേശങ്ങളിൽ കണ്ടൽ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിന് സതേൺ റെയിൽവേയും ജില്ല മിഷനുമായി തീരുമാനിച്ചിട്ടുണ്ട്. ആമ്പല്ലൂർ കൊണോത്തുപുഴ, മില്ലുങ്കൽ തോട്, ബ്രഹ്മപുരം ഗ്രീൻ ബെൽറ്റ്, മംഗളവനം, വൈപ്പിൻ, പറവൂർ എന്നിവിടങ്ങളിൽ കണ്ടൽ വച്ച് പിടിപ്പിക്കുന്നതിനുള്ള സാധ്യത പഠനവും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികളും നടന്നു വരുന്നു.
- ❖ എറണാകുളത്തു 38 ഗ്രാമ പഞ്ചായത്തുകളിൽ പച്ചത്തുരുത്ത് ഇല്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. ഈ പഞ്ചായത്തുകളിൽ പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.
- ❖ ഒക്ടോബർ മാസത്തിൽ പാലക്കാട് ജില്ലയിൽ 190 സെന്റ് വിസ്തൃതിയിൽ 5 പുതിയ പച്ചത്തുരുത്തുകൾ ആരംഭിച്ചു. 900 വൃക്ഷ തൈകൾ വച്ച് പിടിപ്പിച്ചിട്ടുണ്ട്.
- ❖ പാലക്കാട് ജില്ലയിൽ ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഭാഗമായി 15 ഗ്രാമപഞ്ചായത്തുകളിലെ സ്കൂളുകളിലും മറ്റു പൊതുസ്ഥലങ്ങളിലും പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിനു വിവിധ വകുപ്പുകളുടെ യോഗം ഒലവക്കോട് സോഷ്യൽ ഫോറസ്റ്റ് ഓഫീസിൽ വെച്ച് നടന്നു. പച്ചത്തുരുത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകളും തൈകൾ സോഷ്യൽ ഫോറസ്റ്ററിയിൽ നിന്ന് ശേഖരിച്ചു നല്കിയിട്ടുണ്ട്.
- ❖ ഭാരതപ്പുഴ തീര സംരക്ഷണത്തിനായി മുളം തൈകൾ വെച്ചുപിടിപ്പിക്കുന്നതിന്റെ പ്രവർത്തനം ജൂലൈ മാസത്തിൽ ആരംഭിച്ചിരുന്നു. 9000 മുളം തൈകൾ വെച്ചതിൽ നിലവിൽ 2150 തൈകൾ മാത്രമേ നിലനിൽക്കുന്നുള്ളൂ. പല കാരണങ്ങളാൽ തൈകൾ പലതും നശിച്ചു പോയിട്ടുണ്ട്.

<table>
<tr><th colspan="11">പച്ചത്തുരുത്ത്</th></tr>
<tr><th colspan="11">ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ</th></tr>
<tr><th rowspan="2">നടന്ന യോഗം (എണ്ണം)</th><th colspan="4">യോഗങ്ങളിലെ പങ്കാളിത്തം</th><th colspan="2">നടന്ന ശില്പശാലകൾ</th><th colspan="2">മിഷൻ നൽകിയ പരിശീലനങ്ങൾ</th><th rowspan="2">മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം</th><th rowspan="2">പ്രവർത്തികളിലുള്ള ജനപങ്കാളിത്തം</th></tr>
<tr><th>ജനപ്രതിനിധികൾ</th><th>ഉദ്യോഗസ്ഥർ</th><th>മറ്റുള്ളവർ</th><th>ആകെ</th><th>എണ്ണം</th><th>പങ്കാളിത്തം</th><th>എണ്ണം</th><th>പങ്കാളിത്തം</th></tr>
<tr><td>104</td><td>110</td><td>312</td><td>250</td><td>672</td><td>11</td><td>192</td><td>2</td><td>7</td><td>151</td><td>34</td></tr>
</table>

## 6) കാർഷിക മേഖലയിലെ ഇടപെടലുകൾ

ബഹു മുഖ്യമന്ത്രിയുടെ സംസ്ഥാനതല മിഷൻ അവലോകന യോഗതീരുമാന പ്രകാരം ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഹരിത സമൃദ്ധി വാർഡ്, തരിശു രഹിത ഗ്രാമം,

ദേവഹരിതം, വ്യവസായ സ്ഥാപനങ്ങളിലെ കൃഷി, പച്ചക്കറി വ്യാപന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ കൃഷി ചെയ്തു തരിശുരഹിത ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ബ്ലോക്കിലുംപെട്ട ഒരു ഗ്രാമപഞ്ചായത്തിനെ തിരെഞ്ഞെടുത്തിട്ടുണ്ട്. റിപ്പോർട്ട് മാസം വരെ 116 ഗ്രാമപഞ്ചായത്തുകൾ തരിശുരഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

ഒരു വാർഡിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി നടപ്പാക്കുന്ന ഹരിത സമൃദ്ധി വാർഡ് പദ്ധതി നടപ്പിലാക്കുന്നതിനായി റിപ്പോർട്ട് മാസം വരെ 1643 വാർഡുകൾ തിരെഞ്ഞെടുത്തു. ആരാധനാലയങ്ങളിലെ തരിശുഭൂമി കൃഷി ചെയ്യുന്നതിനായുള്ള ദേവഹരിതം പദ്ധതി നടപ്പിലാക്കുന്നതിനായി റിപ്പോർട്ട് മാസം വരെ 59 ദേവാലയങ്ങൾ തിരഞ്ഞെടുത്തു.

- ❖ കൊല്ലം ഇരവിപുരം കുന്നത്ത് കാവ് ക്ഷേത്രത്തിലെ മൂന്നര എക്കർ ഭൂമിയിൽ കൃഷി ആരംഭിച്ചു.
- ❖ പാലക്കാട് ജില്ലയിൽ നെറ്റ് സീറോ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന 3 ഗ്രാമപഞ്ചായത്തുകളെ തരിശുരഹിതമാക്കാൻ വേണ്ടി തിരഞ്ഞെടുത്തിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ ഹരിത ക്യാമ്പസിന്റെ ഭാഗമായി IHRD കോളേജ് കരുനാഗപ്പള്ളിയിൽ പച്ചക്കറി കൃഷി 25 സെന്റ് സ്ഥലത്തു ആരംഭിച്ചു.
- ❖ കൊല്ലം ജില്ലയിൽ മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ 48 ഹെക്ടർ തരിശു ഏലകളിൽ കൃഷിചെയ്യാൻ വേണ്ട പ്രവർത്തികളുമായി ബന്ധപ്പെട്ട് ഇറിഗഷൻ ഡിപ്പാർട്മെന്റ് നടത്തിയ സർവ്വേ പൂർത്തിയായി.
- ❖ കൊല്ലം ജില്ലയിൽ മൈലം പഞ്ചായത്ത് വാർഡ് 11-ലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷിക്ക് തുടക്കം കുറിച്ചു. അയൽക്കൂട്ടങ്ങൾക്ക് വീടുകളിൽ തൈകൾ നടുന്നതിനും തുടർ പരിപാലനത്തിനും ചുമതല നല്കിയിട്ടുണ്ട്. 30 വീടുകൾ വച്ച് ഒരു ഗ്രൂപ്പിന് വീതിച്ചു നല്കിയിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ തെക്കുംഭാഗം ഗ്രാമ പഞ്ചായത്തിൽ നെറ്റ് സീറോ കാർബൺ എമിഷൻ പദ്ധതിയുടെ ഭാഗമായി എല്ലാ വാർഡുകളിലും കുറ്റിപയർ മണി വിതക്കൽ നടന്നു. 25000 വിത്ത്പയർ കൃഷി ഭവനും, 7000 പയർ ഗ്രാമ പഞ്ചായത്തും വാങ്ങി നൽകി. പച്ചക്കറി തൈകൾ ഇല്ലാത്ത മുഴുവൻ വീടുകളിലും പച്ചക്കറി തൈകൾ കൊടുത്തു കൊണ്ട് നവംബർ 30 നുള്ളിൽ ഹരിത സമൃദ്ധി വാർഡുകൾ ആയി പ്രഖ്യാപിക്കും
- ❖ കൊല്ലം ജില്ലയിൽ കരീപ്ര ഗ്രാമ പഞ്ചായത്തിൽ ഗുരുനാഥൻ മുകൾ ശ്രീ ശിവക്ഷേത്രത്തിൽ ദേവഹരിതത്തിന്റെ ഭാഗമായി 14/10/23-ന് ഔഷധ സസ്യങ്ങൾ നട്ടു.
- ❖ കൊല്ലം ജില്ലയിലെ അലയമൺ പഞ്ചായത്ത് ഹരിത സമൃധിയുമായി ബന്ധപ്പെട്ട് വാർഡ് 8 ലെ മാർത്തോമാ HS ൽ മില്ലെറ്റ് കൃഷി ആരംഭിച്ചു.
- ❖ വ്യവസായ സ്ഥാപനതല കൃഷിക്കായി ഈ വർഷം 65 വ്യവസായ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുണ്ട്.

| കാർഷിക മേഖലയിലെ ഇടപെടലുകൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 98 | 426 | 345 | 687 | 1458 | 10 | 478 | 0 | 0 | 185 | 456 |

### 7) ജലഗുണനിലവാര നിർണ്ണയ ലാബ്

ജനങ്ങൾക്കു ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുന്നതിനോടൊപ്പം കുടിക്കുന്ന വെള്ളം ശുദ്ധവും സുരക്ഷിതവുമാണെന്ന് ഉറപ്പാകുന്നതിനുവേണ്ടി ജലസാമ്പിളുകൾ പരിശോധിക്കാൻ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഉള്ള ഒരു ഹയർ സെക്കൻഡറി സ്കൂളിലും ഒരു ജല ഗുണനിലവാര നിർണ്ണയ ലാബു സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. വളരെ എളുപ്പത്തിലും വലിയ പണച്ചിലവ് ഇല്ലാതെയും പൊതുജനങ്ങൾക്ക് ഇത്തരം സംവിധാനങ്ങൾ ഉപയോഗിക്കുവാൻ ലക്ഷ്യമിട്ടാണ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജലഗുണ പരിശോധന ലാബുകൾ സ്ഥാപിക്കുക എന്ന ലക്ഷ്യം ഹരിത കേരളം മിഷൻ മുന്നോട്ട് വെച്ചത്.

534 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഒക്ടോബർ മാസം വരെ ആകെ 207 സ്കൂളുകളിൽ ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകൾ സ്ഥാപിച്ച 172 സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിശീലനങ്ങൾ നൽകിയിട്ടുണ്ട്. 327 ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഒക്ടോബർ മാസത്തെ 1111 ജലസാമ്പിളുകൾ പരിശോധിച്ചത് ഉൾപ്പെടെ 18315 ജലസാമ്പിളുകൾ ഈ ലാബുകളിൽ നാളിതുവരെ പരിശോധിച്ചിട്ടുണ്ട്.

### 8) ഹരിത സ്ഥാപനം

ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ചു കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 7943 തിരഞ്ഞെടുത്ത വിദ്യാലയങ്ങൾ, കോളേജുകൾ, ഓഫീസുകൾ, ഓഫീസ് കോംപ്ലക്സുകൾ എന്നിവ മുൻഗണനാ ക്രമത്തിൽ ഡിസംബർ 31നു മുൻപ് മാതൃക ഹരിത സ്ഥാപനമായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| ഹരിത സ്ഥാപനം - പ്രവർത്തന പുരോഗതി - ഒക്ടോബർ 2023 | |
|---|---|
| ഹരിത സ്ഥാപനമായി മാറ്റുന്നതിനു തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ | 7943 |
| പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ച സ്ഥാപനങ്ങൾ | 5351 |
| നോഡൽ ഓഫീസർമാരെ നിയമിച്ച സ്ഥാപനങ്ങൾ | 4525 |
| ക്ലബ്ബ്/ കമ്മറ്റി രൂപീകരിച്ച സ്ഥാപനങ്ങൾ | 2230 |
| ഒറ്റതവണ ഉപയോഗ സാധനങ്ങളുടെ ഉപയോഗം പൂർണമായും ഒഴവാക്കിയ സ്ഥാപനങ്ങൾ | 4936 |
| മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ച സ്ഥാപനങ്ങൾ | 2708 |
| മഴ വെള്ളം റീച്ചാർജ്/ സംഭരണ സംവിധാനം സ്ഥാപിച്ച സ്ഥാപനങ്ങൾ | 276 |
| പച്ചക്കറി തോട്ടം, പൂന്തോട്ടം എന്നിവ സ്ഥാപിച്ച സ്ഥാപനങ്ങൾ | 961 |
| ഒക്ടോബർ മാസം വരെ മോണിറ്ററിങ് നടത്തിയ സ്ഥാപനങ്ങൾ | 1917 |
| അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമസേനക്ക് കൈമാറുന്ന സ്ഥാപനങ്ങൾ | 5321 |
| പ്ലാസ്റ്റിക് ബദൽ സംവിധാനങ്ങൾ ലഭ്യമാക്കിയിട്ടുള്ള സ്ഥാപനങ്ങൾ | 3287 |
| ജൈവമാലിന്യങ്ങൾ കമ്പോസ്റ്റ്/ബയോഗ്യാസ് ആക്കാൻ സംവിധാനമുള്ള സ്ഥാപനങ്ങൾ | 2834 |
| ഇ വേസ്റ്റ്, ഹസാർഡസ് വേസ്റ്റ് എന്നിവ ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്ന സ്ഥാപനങ്ങൾ | 2065 |
| ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് മാത്രം പരിപാടികൾ സംഘടിപ്പിക്കുന്ന സ്ഥാപനങ്ങൾ | 4119 |
| ഇ ഫയലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ | 2047 |
| വൃത്തിയുള്ള ശുചിമുറി സംവിധാനം ലഭ്യമായ സ്ഥാപനങ്ങൾ | 5631 |
| മലിനജലം നിർമാർജനം ചെയ്യാൻ സംവിധാനമുള്ള സ്ഥാപനങ്ങൾ | 3325 |
| OCTOBER മാസം വരെ ഹരിത സ്ഥാപനമായി പ്രഖ്യാപിച്ച സ്ഥാപനങ്ങൾ | 1956 |

❖ ഹരിതസ്ഥാപനങ്ങളാക്കാൻ തിരഞ്ഞെടുത്ത ആകെ 7943 സ്ഥാപനങ്ങളിൽ 2419 വിദ്യാഭ്യാസ സ്ഥാപനങ്ങളും, 4305 ഓഫീസുകളും, 466 ഓഫീസ് കോംപ്ലെക്സുകളും, 326 കമ്മ്യൂണിറ്റി ഹാളുകളും, 427 മറ്റു സ്ഥാപനങ്ങളും ഉൾപ്പെടുന്നു.

| ഹരിത സ്ഥാപനമായി മാറ്റുവാൻ തിരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ ജില്ലാ തല വിവരണം | | | | | | |
|---|---|---|---|---|---|---|
| ജില്ല | വിദ്യാഭ്യാസ സ്ഥാപനം | ഓഫീസുകൾ | ഓഫീസ് കോംപ്ലക്സ് | കമ്മ്യൂണിറ്റി ഹാളുകൾ | മറ്റു സ്ഥാപനങ്ങൾ | ആകെ |
| തിരുവനന്തപുരം | 533 | 742 | 16 | 38 | 283 | 1612 |
| കൊല്ലം | 313 | 652 | 31 | 54 | 25 | 1075 |
| പത്തനംതിട്ട | 314 | 153 | 90 | 64 | 5 | 626 |
| ആലപ്പുഴ | 89 | 81 | 28 | 36 | 20 | 254 |
| കോട്ടയം | 95 | 198 | 106 | 0 | 6 | 405 |
| ഇടുക്കി | 64 | 367 | 0 | 3 | 0 | 434 |
| എറണാകുളം | 243 | 802 | 30 | 69 | 8 | 1152 |
| തൃശ്ശൂർ | 50 | 60 | 3 | 0 | 0 | 113 |
| പാലക്കാട് | 94 | 167 | 4 | 0 | 0 | 265 |
| മലപ്പുറം | 0 | 116 | 0 | 0 | 0 | 116 |
| കോഴിക്കോട് | 77 | 301 | 46 | 13 | 80 | 517 |
| വയനാട് | 0 | 32 | 1 | 0 | 0 | 33 |
| കണ്ണൂർ | 270 | 416 | 110 | 45 | 0 | 841 |
| കാസർഗോസ് | 277 | 218 | 1 | 4 | 0 | 500 |
| ആകെ | 2419 | 4305 | 466 | 326 | 427 | 7943 |

❖ ഒക്ടോബർ മാസം വരെ ആകെ 1956 സ്ഥാപനങ്ങളെ ഹരിതസ്ഥാപനങ്ങളാക്കി പ്രഖ്യാപനം നടത്തിയിട്ടുണ്ട്.

❖ മുൻകാലങ്ങളിൽ ഹരിതസ്ഥാപനങ്ങളാക്കി പ്രഖ്യാപനം നടത്തിയ 1338 സ്ഥാപനങ്ങൾ ഇപ്പോഴും ഹരിതചട്ടം പാലിച്ച് ഹരിതസ്ഥാപനമായി പ്രവർത്തിക്കുന്നവയാണ്.

| ഹരിത സ്ഥാപനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 1310 | 1932 | 4042 | 3208 | 9182 | 47 | 2184 | 32 | 1470 | 691 | 2736 |

ജില്ലകളിൽ തിരെഞ്ഞെടുത്ത സ്ഥാപനങ്ങളെ നിർദിഷ്ട പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തേണ്ടതുണ്ട്. വിലയിരുത്തൽ മാർഗ്ഗരേഖയായി 18/12/2020 തീയതിയിലെ G.O.(Rt)No.2343/2020/LSGD നമ്പർ എന്ന സർക്കാർ ഉത്തരവ് അടിസ്ഥാനമാക്കി ഒരു വിലയിരുത്തൽ ഫോറം ഹരിതകേരളം മിഷൻ തയ്യാറാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളിലെ ശുചിത്വ മാലിന്യ സംരക്ഷണവും ഗ്രീൻ പ്രോട്ടോകോൾ പാലനവുമാണ് വിലയിരുത്തൽ ഫോറത്തിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. അത് കൂടാതെ ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട ജലസംരക്ഷണം പ്രവർത്തനങ്ങളും, കാർഷിക പ്രവർത്തനങ്ങളും. ഊർജ സംരക്ഷണ

പ്രവർത്തനങ്ങളും വിലയിരുത്തൽ ഫോറത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിലയിരുത്തൽ ഫോറം ജില്ലകളിലേക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഒരു പരിശോധന കമ്മിറ്റി ജില്ല അടിസ്ഥാനത്തിൽ രൂപീകരിക്കുന്നതാണ്. ജില്ല പരിശോധന കമ്മിറ്റി വിവിധ തലത്തിലെ ഓഫീസുകൾ വിലയിരുത്തി ഗ്രേഡിംഗ് നല്കിക്കൊണ്ടായിരിക്കും പ്രഖ്യാപനം നടത്തുക.

## 9) വിനോദ സഞ്ചാര മേഖലയിലെ ഇടപെടലുകൾ

### 9.1) ഹരിത ടൂറിസം

- ഹരിത കേരളം മിഷനും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി യോജിച്ച് കൊണ്ട് കേരളത്തിലെ എല്ലാ ജില്ലകളിലും ഉൾപ്പെടുന്ന 78 തിരഞ്ഞെടുത്ത ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ മുൻഗണനാ ക്രമത്തിൽ ഡിസംബർ 31 നു മുൻപ് മാതൃക ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
- ഹരിത ടൂറിസം ഡെസ്റ്റിനേഷനായി മാറ്റുന്നതിനോടൊപ്പം പ്രത്യേക ഇടപെടലുകളിലൂടെ പ്രാദേശിക ജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും അവരുടെ ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുമായിട്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
- ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ മാർഗ്ഗരേഖ (കരട്) അവലംബിച്ചുള്ള പ്രവർത്തനങ്ങളാണ് സ്വീകരിച്ചു വരുന്നത്.
- ഹരിത ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതോടൊപ്പം നിലവിൽ വിനോദ സഞ്ചാരികൾക്കു ലഭിക്കുന്ന സംവിധാനങ്ങളുടെ ഗുണനിലാവരം മെച്ചപ്പെടുത്തുന്നതിനും സാധ്യമായ പുതു സംവിധാനങ്ങൾ സൃഷ്ടിക്കുവാനും പദ്ധതി ലക്ഷ്യമിടുന്നു.
- ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകൾ കൂടുതൽ ആകർഷകമാക്കാനും ഹരിത ചട്ടം പാലിച്ച് ഹരിത ടൂറിസം നടപ്പിലാക്കുവാനുള്ള പ്രവർത്തനങ്ങൾക്കാണ് പരിഗണന നൽകുന്നത്.
- എറണാകുളം ജില്ലയിൽ ഹരിത ടൂറിസവുമായി ബന്ധപ്പെട്ട് കുഴുപ്പിള്ളി ബീച്ച് മുനമ്പം ബീച്ച്, എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് petronet LNG എന്ന കമ്പനിയുടെ CSR ഫണ്ട് ലഭ്യമാക്കുവാൻ കമ്പനി ഉദ്യോഗസ്ഥരുമായി നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ചർച്ച നടത്തി.
- തിരെഞ്ഞെടുത്ത ടൂറിസം കേന്ദ്രങ്ങൾ ഹരിത ടൂറിസം കേന്ദ്രങ്ങൾ ആക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി മാർഗ്ഗരേഖ സംസ്ഥാന മിഷൻ തയ്യാറാക്കി ജില്ലാ മിഷനുകളിലേക്ക് നൽകിയിട്ടുണ്ട്.
- ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങളിൽ വിനോദ സഞ്ചാരകേന്ദ്രത്തിന്റെ അവസ്ഥാ പഠനം എല്ലാ ജില്ലകളിലും നടന്നു. വിനോദ സഞ്ചാരകേന്ദ്രത്തിന്റെ നിലവിലുള്ള സ്ഥിതി, സാധ്യത, പരിമിതി എന്നിവയും നിലവിലുള്ള പ്രശ്നങ്ങളുടെ പരിഹാരത്തിനുള്ള മുൻഗണന നിശ്ചയിക്കലും സൗകര്യങ്ങളുടെ കുറവ് കണ്ടു പിടിക്കുന്നതിനുമാണ് അവസ്ഥാ പഠനം നടത്തിയത്.
- ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 78 കേന്ദ്രങ്ങളിലാണ് അവസ്ഥാ പഠനം നടത്തിയത്. അവസ്ഥാ പഠനത്തിനായി ഒരു പ്രൊഫോർമ സംസ്ഥാന മിഷൻ തയ്യാറാക്കി ജില്ലാ മിഷനുകളിലേക്ക് നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത കേന്ദ്രങ്ങളുടെ അവസ്ഥാ പഠനം നടത്തി. അവയിൽ 69 കേന്ദ്രങ്ങളുടെ വിവരശേഖരണം പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അവസ്ഥാ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ചർച്ചയും അവതരണവും നടന്നു വരുന്നു. പല സൗകര്യങ്ങളും ഉണ്ടെങ്കിലും അവ പര്യാപ്തമല്ലാത്തതും അല്ലെങ്കിൽ

ഉപയോഗിക്കാൻ സാധിക്കാത്ത രീതിയിലുമാണുള്ളത് എന്നതാണ് അവസ്ഥ പഠനത്തിൽ നിന്നും മനസിലാക്കിയത്.

| 69 ടൂറിസം കേന്ദ്രങ്ങളിലെ അവസ്ഥാപഠനത്തിൽ നിന്നും ലഭിച്ച പ്രധാന വിവരങ്ങൾ | |
|---|---|
| ജൈവമാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്ത കേന്ദ്രങ്ങൾ | 32 |
| അജൈവമാലിന്യ ശേഖരണ സംവിധാനം ഇല്ലാത്ത കേന്ദ്രങ്ങൾ | 10 |
| ഹരിതകർമസേനയുടെ സേവനം പ്രയോജനപ്പെടുത്തുന്ന കേന്ദ്രങ്ങൾ | 54 |
| ദ്രവമാലിന്യസംസ്കരണ സംവിധാനം ഇല്ലാത്ത കേന്ദ്രങ്ങൾ | 45 |
| മാലിന്യം വലിച്ചെറിയൽ കാണപ്പെട്ട കേന്ദ്രങ്ങൾ | 47 |
| ടോയ്ലറ്റ് സൗകര്യം ഇല്ലാത്ത കേന്ദ്രങ്ങൾ | 16 |
| ടോയ്ലറ്റ് സൗകര്യം ഉണ്ടെങ്കിലും പര്യാപ്തമല്ലാത്തവ | 27 |
| ജല സ്രോതസ്സ് ഇല്ലാത്ത കേന്ദ്രങ്ങൾ | 19 |
| കുടിവെള്ളം ലഭ്യമല്ലാത്ത കേന്ദ്രങ്ങൾ | 33 |
| പാർക്കിംഗ് സൗകര്യം ഇല്ലാത്ത കേന്ദ്രങ്ങൾ | 15 |
| വിശ്രമകേന്ദ്രം ഇല്ലാത്തവ | 19 |
| ഭക്ഷണശാല ഇല്ലാത്തവ | 18 |
| വൈദ്യുതികണക്ഷൻ ലഭ്യമല്ലാത്തവ | 14 |
| സൈൻ ബോർഡുകൾ ഇല്ലാത്ത കേന്ദ്രങ്ങൾ | 30 |
| സെക്യൂരിറ്റി ഇല്ലാത്ത കേന്ദ്രങ്ങൾ | 25 |
| പൊതുവാഹന സൗകര്യം ലഭ്യമല്ലാത്ത കേന്ദ്രങ്ങൾ | 20 |

- 69 ടൂറിസം കേന്ദ്രങ്ങളിൽ പരിശോധിച്ചതിൽ 25 കേന്ദ്രങ്ങൾ DTPC പരിപാലനം നടത്തുന്നതാണ്. ബാക്കിയുള്ള 9 കേന്ദ്രങ്ങൾ വനം വകുപ്പും, 7 കേന്ദ്രങ്ങൾ PWD വകുപ്പും, 6 കേന്ദ്രങ്ങൾ വനം ഏജൻസികളും, 4 കേന്ദ്രങ്ങൾ KSEBയും, 14 കേന്ദ്രങ്ങൾ മറ്റു ഏജൻസികളും പരിപാലനം നടത്തുന്നുണ്ട്.

| ഹരിത ടൂറിസം | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | | |
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 47 | 155 | 187 | 113 | 455 | 1 | 11 | 1 | 10 | 74 | 112 |

### 9.2) വിജ്ഞാന വിസ്മയമൊരുക്കി അടിമാലിയിലെ 'നീലക്കുറിഞ്ഞി'

- ഹരിതകേരളം മിഷനും ജില്ലാ പഞ്ചായത്തും സംയുക്തമായി അടിമാലി ഗവ.ഹൈസ്കൂളിനോട് ചേർന്ന് ഒരുക്കിയിട്ടുള്ള 'നീലക്കുറിഞ്ഞി' ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രത്തിന്റെ ഉദ്ഘാടനം സെപ്റ്റംബർ മാസത്തിൽ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു. ജൈവവൈവിധ്യ വിജ്ഞാനകേന്ദ്രത്തിന്റെ പ്രവർത്തനം സുഗമമായി നടക്കുന്നു.
- മൂന്നാറിലും പരിസര പ്രദേശങ്ങളിലും എത്തുന്നവർ നീലക്കുറിഞ്ഞി വിജ്ഞാനകേന്ദ്രം സന്ദർശിച്ചു തുടങ്ങിയിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള വിനോദ യാത്ര സംഘങ്ങളെ നീലക്കുറിഞ്ഞി വിജ്ഞാനകേന്ദ്രത്തിലേയ്ക്ക് ആകർഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

❖ പ്രദേശത്തെ ജൈവവൈവിധ്യ സവിശേഷതകളെക്കുറിച്ച് അറിവ് പകർന്നു നൽകുകയാണ് നീലക്കുറിഞ്ഞി വിജ്ഞാനകേന്ദ്രം. ത്രിഡി മോഡലുകൾ, മാപ്പുകൾ, ഇൻഫർമേഷൻ ഡിസ്പ്ലേകൾ, ഓഡിയോ വിഷ്വൽ യൂണിറ്റുകൾ, ഇന്ററാക്ടീവ് കിയോസ്കുകൾ, ഛായാ ചിത്രങ്ങൾ തുടങ്ങിയവ ജൈവവൈവിധ്യ വിജ്ഞാന കേന്ദ്രത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണി വരെയാണ് നീലക്കുറിഞ്ഞി കേന്ദ്രത്തിന്റെ പ്രവർത്തന സമയം. തിങ്കളാഴ്ച അവധിയായിരിക്കും. കുട്ടികൾക്ക് 10 രൂപയും മുതിർന്നവർക്ക് 20 രൂപയുമാണ് ടിക്കറ്റ് നിരക്ക്.

## 10) ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ

ജൈവമാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണവും അജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണവും കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നത്.

| ശുചിത്വ-മാലിന്യ സംസ്കരണ ഒക്ടോബർ മാസത്തെ പ്രവർത്തനങ്ങൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| നടന്ന യോഗം (എണ്ണം) | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
| | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| 605 | 3178 | 4153 | 7318 | 14649 | 72 | 6326 | 69 | 5720 | 632 | 127566 |

❖ 16114 മിനി മെറ്റീരിയൽ കളക്ഷൻ സെൻററുകൾ (എം.സി.എഫ്)
❖ 1313മെറ്റീരിയൽ കളക്ഷൻ സെൻററുകൾ (എം.സി.എഫ്)
❖ 138 റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)
❖ ഒക്ടോബർ മാസത്തിൽ 911.762 ടൺ തരം തിരിച്ച പ്ലാസ്റ്റിക്കും 1780.029 ടൺ നിഷ്ക്രിയ മാലിന്യങ്ങളും 64.517 ടൺ ഇ-മാലിന്യങ്ങളും 238.126 ടൺ ചില്ല് മാലിന്യവും 19.255 ടൺ തുണി മാലിന്യവും 113 കിലോഗ്രാം ആപൽക്കരമായ മാലിന്യവും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ 10.677 ടൺ പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യുകയും ചെയ്തു.
❖ റിപ്പോർട്ട് മാസത്തിൽ യൂസർഫീ ഇനത്തിൽ 27.48 കോടി രൂപയുടെ വരുമാനം ഹരിത കർമ്മ സേനക്ക് ലഭിച്ചിട്ടുണ്ട്.
❖ റിപ്പോർട്ട് മാസത്തിൽ ഒരു ഹരിത കർമ്മസേന അംഗത്തിന് 7840 രൂപ ശരാശരി പ്രതിമാസ വരുമാനമായി ലഭിച്ചതായി കണക്കാക്കുന്നു. ഇതുകൂടാതെ ക്ലീൻ കേരള കമ്പനിയ്ക്കും സ്വകാര്യ ഏജൻസികൾക്കും പാഴ് വസ്തുക്കൾ നൽകുന്നത് വഴിയും വരുമാനം ഹരിതകർമ്മ സേനാംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്.
❖ കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുമുള്ള 79.81 ലക്ഷം വീടുകളിൽ നിന്നും ഹരിത കർമ്മസേന വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട് കൂടാതെ സംസ്ഥാനത്തെ 7.5 ലക്ഷം സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമ്മ സേന വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട്. (വാർ റൂം ഡാറ്റ)
❖ മാലിന്യത്തിന്റെ ഉറവിടം മുതൽ സംസ്കരണം വരെ ട്രാക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ മോണിട്ടറിംഗ് ഹരിതമിത്രം ആപ് 621 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നു.
❖ ഒക്ടോബർ മാസത്തിൽ ഹരിതമിത്രം അപ്ലിക്കേഷൻ മുഖേന 72.2 ലക്ഷം കെട്ടിടങ്ങളിൽ അപ്ലിക്കേഷൻ വഴിയുള്ള സർവീസ് നൽകുന്നുണ്ട്.

- ജൈവ മാലിന്യത്തിന് ഉറവിട മാലിന്യ സംസ്കരണമാണ് പ്രോത്സാഹിപ്പിക്കുന്നതെങ്കിലും 57 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഹരിത കർമ്മ സേന വീടുകളിൽ നിന്നും ജൈവ മാലിന്യം ശേഖരിക്കുന്നുണ്ട്.
- റെൻഡറിങ് പ്ലാൻറുകൾ മുഖേന മാത്രം കോഴി/പൗൾട്രി അറവു മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് എല്ലാ ജില്ലകളിലും സ്വകാര്യ പങ്കാളിത്തത്തോടെ കോഴി അറവ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള 40 റെൻററിംഗ് പ്ലാൻറുകൾ പ്രവർത്തിച്ചുവരുന്നു.
- കണ്ണൂർ ജില്ലയിൽ 20/10/23 ന് പയ്യാവൂർ ചെറി ഹിൽസ് റിസോർട്ടിൽ ഹരിത കേരളം മിഷൻ ജില്ലാ ടീം അംഗങ്ങളും പയ്യന്നൂർ കോളേജ് ഗ്രീൻ ബ്രിഗേഡ് വിദ്യാർഥികളും ചേർന്ന് ഏകദിന പ്രകൃതി പഠന ക്യാമ്പ് സംഘടിപ്പിച്ചു. മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി കോളേജ് വിദ്യാർത്ഥികളെ ക്യാമ്പയിനിന്റെ സന്ദേശ വാഹകരായി മാറ്റാൻ ലക്ഷ്യമിട്ടായിരുന്നു പഠന ക്യാമ്പ് സംഘടിപ്പിച്ചത്.
- കൊല്ലം കോർപ്പറേഷനിലെ തീരദേശത്തുള്ള വീടുകളിലെ ജൈവമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിനായി തങ്കശ്ശേരിയിൽ സ്ഥാപിച്ച മെക്കനൈസ്ഡ് കമ്പോസ്റ്റിങ്ങ് യൂണിറ്റിൻറെ ഉദ്ഘാടനം ബഹു. മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ.ചിഞ്ചു റാണി 06/10/23ന് നിർവ്വഹിച്ചു. കൊല്ലം കോർപ്പറേഷന്റെ മാതൃക പ്രോജക്ടായാണ് പദ്ധതി ആരംഭിക്കുന്നത്.
- കാസറഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക് ഉപയോഗം കുറക്കുന്നതിനായി 3 ബദൽ ഉല്പന്ന നിർമ്മാണ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
- പാലക്കാട് ജില്ലയിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം 3151 കമ്പോസ്റ്റ് പിറ്റ്, 3313 സോക്പിറ്റ് എന്നിവ നിർമിച്ചിട്ടുണ്ട്.
- പാലക്കാട് ജില്ലയിലെ 572 ഗാർബേജ് വൾനറബിൾ പോയിന്റ്സ് ഉള്ളതിൽ 569 ഇടങ്ങളും വൃത്തിയാക്കിയിട്ടുണ്ട്.
- ഗ്യാപ്പ് അസെസ്സ്മെന്റ് മാലിന്യമുക്ത നവകേരളം എൻ.ജി.യൂണിയൻ മലമ്പുഴ ടൂറിസ്റ്റ് കേന്ദ്രത്തിൽ 2023 ഒക്ടോബർ 29ന ബഹു. എം.എൽ.എ എ.പ്രഭാകരൻ എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ ശുചീകരണ പ്രവർത്തനം ആരംഭിക്കുകയും ഉപകരണങ്ങൾ കൈമാറുകയും ചെയ്തു.
- കാസറഗോഡ് ജില്ലയിൽ മികച്ച ശുചിത്വ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്ന സ്കൂളുകൾക്ക് സമ്മാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അജാനൂർ ഗ്രാമപഞ്ചായത് "തെളി" എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.
- കാസറഗോഡ് ജില്ലയിലെ ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജില്ലയിലുള്ള 2 ചിക്കൻ റെന്ററിംഗ് ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.
- കാസർഗോഡ് ജില്ലയിലെ വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ പെട്ട 545 കേന്ദ്രങ്ങളിൽ 9220 പേർ പങ്കെടുത്തു കൊണ്ടുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടന്നു.
- തിരുവനന്തപുരം ജില്ലയിലെ വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. 1090 പേർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി.
- എറണാകുളം ജില്ലയിൽ ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനത്തോടനുബന്ധിച്ച് ജില്ലയിലെ 28 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 1800 പേർ ശുചീകരണ പ്രവർത്തനങ്ങൾ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ നടത്തി.
- പാലക്കാട് ജില്ലയിൽ ഒക്ടോബർ 2 മുതൽ ഒക്ടോബർ 11 വരെ ദശദിന ശുചീകരണ ക്യാമ്പയിൽ സംഘടിപ്പിച്ചു. പൊതുഇടങ്ങൾ, വിദ്യാലയങ്ങൾ, ആഫീസുകൾ, വ്യാപാര സ്ഥാപനങ്ങൾ, ടൂറിസം കേന്ദ്രങ്ങൾ ഉൾപ്പെടെ 11,205 ഇടങ്ങളിൽ ശുചീകരണം നടത്തിയിട്ടുണ്ട്. ഈ ശുചീകരണം പ്രവർത്തനങ്ങളിൽ 1,13,316 ജനങ്ങളുടെ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്. ഇതോടൊപ്പം 91,170 വീടുകൾ ശുചീകരണം നടത്തിയിട്ടുണ്ട്. വീടുകളുടെ ശുചീകരണം പ്രവർത്തനങ്ങളിൽ 1,45,062 ജനങ്ങളുടെ പങ്കാളിത്തം ഉണ്ടായിട്ടുണ്ട്.

- ❖ ഗാന്ധി ജയന്തിയുമായി ബന്ധപെട്ട കേരളത്തിലെ വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. 1,27,556 പേർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.
- ❖ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ ഹരിത കേരളം മിഷൻ നേരിട്ടും ഭാഗമായതുമായ 605 യോഗങ്ങൾ നടന്നിട്ടുണ്ട്. യോഗത്തിൽ 3178 ജന പ്രതിനിധികളും, 4153 ഉദ്യോഗസ്ഥരും, 7318 സാങ്കേതിക വിദഗ്ധരും ഉൾപ്പെടെ 14649 പേരുടെ പങ്കാളിത്തം ഉണ്ടായിരുന്നു.
- ❖ ശുചിത്വോത്സവം - എറണാകുളം ജില്ലയിൽ കുട്ടികൾക്കുള്ള മാലിന്യ സംസ്കരണ വിദ്യാഭ്യാസ കാമ്പയിൻ ആയ ശുചിത്വോത്സവം ഒക്ടോബർ മാസം 8 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 10 സ്കൂളുകളിൽ നടത്തപ്പെട്ടു. നിലവിൽ ശുചിത്വോത്സവം കാമ്പയിനിലൂടെ 3769 കുട്ടികളിൽ മാലിന്യ സംസ്കരണത്തെ പറ്റി കൃത്യമായ അവബോധം നൽകാൻ സാധിച്ചു. ഒക്ടോബർ മാസം 1116 കുട്ടികൾക്ക് ക്ലാസ്സുകൾ നൽകി.
- ❖ എറണാകുളം ജില്ലയിൽ ശുചിത്വത്തിനൊപ്പം കളമശ്ശേരി ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായി മണ്ഡലത്തിലെ വിവിധ തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ഫ്ലീ മാർക്കറ്റിലേക്ക് പുനരുപയോഗ യോഗ്യമായ വസ്തുക്കളുടെ കളക്ഷൻ ഡ്രൈവ് സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി 650 കിലോഗ്രാം തുണി, നൂറ്റമ്പതോളം പുസ്തകങ്ങൾ, സ്റ്റീൽ പത്രങ്ങൾ, കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ എന്നിവ ശേഖരിക്കാൻ കഴിഞ്ഞു. ഹരിത കർമ്മ സേന അംഗങ്ങളുടെ സഹായം ഉണ്ടായിരുന്നു.
- ❖ കാസർഗോഡ് ജില്ലയിൽ മാലിന്യമുക്ത നവകേരളം കാമ്പയിൻ ഭാഗമായി ജില്ലയിൽ യുത്ത് ടീം സജ്ജരായിട്ടുണ്ട്. 12 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലായി യൂത്ത് ടീമിൽ ഉൾപ്പെട്ട 339 യുവതി യുവാക്കൾക്ക് പരിശിലനം നല്കിയിട്ടുണ്ട്.
- ❖ വയനാട് ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ 100% വാതിൽപ്പടി ശേഖരണവും 100 ശതമാനം യൂസർഫീയും ഉറപ്പുവരുത്തുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച എന്റെ വാർഡ് 100/100 ക്യാമ്പയിൻ പ്രകാരം പങ്കാളികളായ 7 ഗ്രാമപഞ്ചായത്തുകളിൽ, തരിയോട്, പുൽപ്പള്ളി, മീനങ്ങാടി, നെന്മേനി എന്നീ 4 ഗ്രാമപഞ്ചായത്തുകൾ ലക്ഷ്യം കൈവരിച്ചു.
- ❖ ആലപ്പുഴ ജില്ലയിലെ എസ്.എൻ.പുരം S.N. ട്രസ്റ്റ് സ്കൂളിലെ സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെ കുറിച്ചുള്ള ഏകദിന ശില്പശാല സംഘടിപ്പിച്ചു. സ്കൂളിലെ എയ്റോബിക്ക് യൂണിറ്റിന്റെ പ്രവർത്തന ഉത്ഘാടനവും നടത്തി. ചേർത്തല 'ഗ്രീൻ സിറ്റി' റോട്ടറി ക്ലബ്ബ് സ്പോൺസർ ചെയ്ത ഓവർ കോട്ട് (26 കുട്ടികൾക്ക്) വിതരണവും ചെയ്തു.

### 10.1) മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ

കേരളത്തെ 2024ഓടെ സമ്പൂർണ മാലിന്യമുക്ത സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടെ 2023 മാർച്ചിൽ ആരംഭിച്ച മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ സംസ്ഥാനത്തു ശ്രദ്ധേയമായ മുന്നേറ്റം ഉണ്ടാക്കിയിട്ടുണ്ട്.

മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ കാര്യക്ഷമമായും സമയബന്ധിതമായും ജില്ലകളിൽ മുന്നോട്ടു പോകുന്നുണ്ട്. യൂസർഫീ കളക്ഷൻ, പൊതു ഇടങ്ങളുടെയും ജലാശയങ്ങളുടെയും ശുചീകരണം, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കൽ, ജനകീയ പങ്കാളിത്തം വർദ്ധിപ്പിച്ചുള്ള പൗര വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, തദ്ദേശ അടിസ്ഥാനത്തിലും മണ്ഡലാടിസ്ഥാനത്തിലുമുള്ള കാമ്പയിനുകൾ വലിച്ചെറിയൽ മുക്ത കാമ്പയിൻ പ്രഖ്യാപനം എന്നിവ ഇതിനോടകം സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഹരിതസഭ പൂർത്തീകരിക്കുകയും ഹരിത ഓഡിറ്റിങ്ങും റിപ്പോർട്ട് തയ്യാറാക്കലും അവതരണവും നടന്നുകൊണ്ടിരിക്കുന്നു.

| മാലിന്യം മുക്തം നവകേരളം കാമ്പയിനിൽ(മാർച്ച് മുതൽ) | |
|---|---|
| കാമ്പയിനിൽ വൃത്തിയാക്കിയിട്ടുള്ള സ്പോട്ടുകൾ - എണ്ണം | 5616 |
| അജൈവ മാലിന്യ ശേഖരണം നടത്തുന്ന വീടുകളുടെഎണ്ണം (ഒക്ടോബർ) (ലക്ഷം) | 79.8 |
| അജൈവ മാലിന്യ ശേഖരണം നടത്തുന്ന സ്ഥാപനങ്ങളുടെ എണ്ണം (ഒക്ടോബർ) (ലക്ഷം) | 7.5 |
| ഹരിതകർമ്മസേനങ്ങളുടെ എണ്ണം (ഒക്ടോബർ) | 35047 |
| യൂസർഫീ കളക്ഷൻ (ഒക്ടോബർ) (കോടി) | 27.48 |

### 10.2) ടേക്ക് എ ബ്രേക്ക്

പാലക്കാട് ജില്ലയിൽ നഗരസഭകളിലായി 20 ടേക്ക് എ ബ്രേക്ക് ടോയിലറ്റുകളും ഗ്രാമപഞ്ചായത്തുകളിലായി 100 ടേക്ക് എ ബ്രേക്ക് ടോയിലറ്റുകളുമാണ് സ്ഥാപിച്ചിട്ടുള്ളത്. നിലവിലെ പ്രവർത്തനമുള്ള ടേക്ക് എ ബ്രേക്കുകളെ ഗൂഗിൾ മാപ്പിൽ അടയാളപ്പെടുത്തുന്നതിന്റെ പ്രവർത്തനം ശുചിത്വ മിഷനുമായി ചേർന്ന് ചെയ്യുന്നുണ്ട്. പ്രവർത്തനം ആരംഭിക്കാത്ത ടേക്ക് എ ബ്രേക്കുകളെ ശുചിത്വ മിഷൻ, തദ്ദേശഭരണസ്ഥാപനവുമായി യോജിച്ച് പൂർത്തിയാക്കും. കാസറഗോഡ് ജില്ലയിലെ കുറ്റിക്കോലിൽ ടേക്ക് എ ബ്രേക്ക് ഉദ്ഘാടനം MLA അഡ്വ. സി.എച്ച്.കുഞ്ഞമ്പു ഉദ്ഘാടനം ചെയ്തു. ടേക് എ ബ്രേക്കിന്റെ പരിപാലനത്തിനായി സ്ഥലത്തെ കുടുംബശ്രീ അയൽ കൂട്ടത്തിന് ചുമതല നൽകിയിട്ടുണ്ട്.

## 11) ഗ്രീൻ പ്രോട്ടോകോൾ

### 11.1) കോതമംഗലം മാർത്തോമ ചെറിയ പള്ളി പെരുന്നാൾ

- മാർത്തോമാ ചെറിയ പള്ളിയിലെ ഒക്ടോബർ മാസത്തിൽ പെരുന്നാൾ പൂർണ്ണമായും ഹരിത ചട്ടം പാലിച്ച് നടത്തി. ഗ്രീൻ ആർമി രൂപീകരണവും, പരിശീലനങ്ങളും, സാരി തരൂ സഞ്ചി തരാം ചലഞ്ച്, കാരിക്കോട് സ്കൂളിന്റെ ഒരു കുട്ടി ഒരു സഞ്ചി ചലഞ്ച്, വലിച്ചെറിയാതെ തിരിച്ചു തരൂ സമ്മാനം നേടൂ, ജൈവ അജൈവമാലിന്യ സംസ്കരണ ഉപാധികളെ പരിചയപ്പെടുത്തുന്ന എക്സിബിഷൻ, എൻഎസ്എസ് വോളണ്ടിയേഴ്സിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ക്യാമ്പയിനുകൾ സ്റ്റീൽ ഗ്ലാസ്, പ്ലേറ്റ് എന്നിവ ഉപയോഗിച്ചു കൊണ്ട് ഭക്ഷണം വിതരണം, ജൈവ മാലിന്യം ശേഖരണം, സംസ്കരണം തുടങ്ങിയ വിവിധങ്ങളായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.
- ഒക്ടോബർ 1 മുതൽ 4 വരെ 400 ലധികം സന്നദ്ധ സേവകർ പരിപാടിയുടെ ഭാഗമായി പ്രവർത്തിച്ചു. ഒറ്റത്തവണ ഉൽപ്പന്നങ്ങൾ ഉദ്യോഗസ്ഥർ പിടിച്ചെടുക്കുകയും പകരം തുണി സഞ്ചി, പേപ്പർ ബാഗ് എന്നിവ വിതരണം ചെയ്യുകയും ചെയ്തു.
- വലിച്ചെറിയാതെ തിരിച്ചു തരൂ - സമ്മാന കൗണ്ടറിൽ നിന്ന് രണ്ടായിരത്തി അഞ്ഞൂറ് കൂപ്പണുകൾ വിതരണം ചെയ്യുകയും ഓരോ ദിവസവും 10 സമ്മാനങ്ങൾ വീതം 30 സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.
- ഒറ്റ തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കവറുകൾക്ക് ബദലായും ജനങ്ങളിൽ തുണി സഞ്ചിയുടെ ഉപയോഗ ശീലം ഉണ്ടാക്കിയെടുക്കുന്നതിന്റെയും ഭാഗമായി നടത്തിയ സാരി തരൂ സഞ്ചി തരാം ക്യാമ്പയിന്റെ ഭാഗമായി 4000 സഞ്ചികൾ ശേഖരിച്ചു വിതരണം ചെയ്തു.
- മലയാള മനോരമ, ജീവ മിൽക്ക്, അറ്റ്ലസ് ഫാക്ടറി ഔട്ട് ലെറ്റ്, എംബിറ്റ്സ്, മുളന്തുരുത്തി കരിക്കോട് ഗവ യു പി സ്കൂൾ, എൻ ആർ പി എഫ്, കുടുംബശ്രീ എന്നിവർ ഈ പ്രവർത്തനത്തിൽ സഞ്ചികൾ നൽകി സഹകരിച്ചു.

### 11.2) വെട്ടിക്കോട് നാഗരാജ ക്ഷേത്രത്തിലെ ആയില്യം മഹോത്സവം

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ പരുതിയിൽ വരുന്ന നാഗരാജ ക്ഷേത്രത്തിലെ ആയില്യം മഹോൽസവം ഹരിത ചട്ടം പാലിച്ചു നടന്നു. ഇതിനുമുന്നോടിയായി

ഉത്സവം ഹരിതചട്ടം പാലിച്ചു കൊണ്ട് നടത്തുന്നതിനായുള്ള യോഗം സംഘടിപ്പിച്ചു. ക്ഷേത്ര അന്നദാനത്തിൽ ഹരിതകർമ്മസേനാംഗങ്ങൾ വഴി 1000 സ്റ്റീൽ പ്ലേറ്റ്സും, ഗ്ലാസും ഓഡിറ്റോറിയത്തിലേക്ക് കൊടുത്തു. ക്ഷേത്ര അലങ്കാര വസ്തുക്കൾ പൂർണമായും പ്രകൃതി സൗഹാർദ്ദ വസ്തുക്കൾ ഉപയോഗിച്ചു. കടകളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമ്മ സേനാംഗങ്ങൾ നീക്കം ചെയ്തു ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്തു.

### 11.3) കൈനകരി ചാമ്പ്യൻസ് ബോട്ട് ലീഗ്

കൈനകരി ചാമ്പ്യൻസ് ബോട്ട് ലീഗ് ഹരിതചട്ടം പാലിച്ച് നടന്നു. തുണികൊണ്ടുള്ള തോരണങ്ങൾ, ഭക്ഷണ സ്റ്റാളുകളിൽ ഒറ്റത്താനാവണ ഉപയോഗ പ്ലാസ്റ്റിക് പൂർണ്ണമായും ഒഴിവാക്കി, ഹരിത സന്ദേശങ്ങൾ നല്കാൻ പ്ലക്കാർഡുകൾ സ്ഥാപിച്ചു, ഹരിത കർമ്മ സേനാംഗങ്ങളെ സേവനം പ്രയോജനപ്പെടുത്തി മാലിന്യം വേർതിരിച്ചു ശേഖരിച്ചു, ഓലകൊണ്ടുള്ള വള്ളങ്ങളും സജ്ജീകരിച്ചു. ഹരിത കർമ്മ സേനാംഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കിയ സ്റ്റാളിൽ ഹരിത സന്ദേശങ്ങളും പ്രദർശിപ്പിച്ചിരുന്നു.

## 12) സമഗ്ര വികസന പദ്ധതികൾ

### 12.1) കാനാമ്പുഴ പുനരുജ്ജീവന പദ്ധതി

പുനരുജ്ജീവന പ്രവർത്തനങ്ങളിലൂടെ വീണ്ടെടുത്ത കാനാമ്പുഴയുടെ ടൂറിസം സാധ്യതകളും കാർഷിക മേഖലയിലെ നൂതന സാധ്യതകളും നടപ്പിലാക്കി കാനാമ്പുഴയെ കണ്ണൂരിന്റെ ടൂറിസം ഐക്കണായി ഉയർത്തി കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്.

2023 ഒക്ടോബർ 4 ന് അവലോകന യോഗം ചേർന്നു. താഴെചൊവ്വ നാഷണൽ ഹൈവേക് മുകൾ ഭാഗത്ത് വാട്ടർ അതോറിറ്റിയുടെ കാലഹരണപ്പെട്ട ജല വിതരണ പൈപ്പ് ലൈൻ പൊളിച്ചു നീക്കുന്നതിനുള്ള അനുമതി ലഭ്യമാക്കൽ, താഴെചൊവ്വ നാഷണൽ ഹൈവേക്ക് താഴ് ഭാഗത്ത് കാൽനട യാത്രക്ക് മാത്രമായി താൽകാലിക സ്റ്റീൽ റാമ്പ് നിർമ്മിക്കൽ, കാനാമ്പുഴ വീണ്ടെടുക്കുന്നതിന്റെ ഭാഗമായി പുഴയിലെ ചെളിയും മാല്യന്യങ്ങളും നീക്കം ചെയ്യൽ, കരിങ്കൽ കൊണ്ട്പാർശ്വഭിത്തി നിർമ്മിക്കൽ, ജലസേചനാവശ്യാർത്ഥം സ്ലുയിസുകൾ നിർമ്മിക്കൽ, വിനോദ സഞ്ചാര ഉദ്ദേശത്തോടു കൂടി പുഴയുടെ ഇരുവശങ്ങളിലും നടപ്പാത / ബണ്ട് നിർമ്മിക്കൽ, ബണ്ടിൽ കയർ ഭൂവസ്ത്രം വിരിക്കൽ, സോളാർ ലൈറ്റുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളിൽ 80% പ്രവൃത്തി പൂർത്തീകരിച്ച് കണ്ണൂർ പുല്ലൂപ്പികടവ് പാർക്കിന്റെ മാതൃകയിൽ കാനമ്പുഴ പാർക്ക് സജ്ജീകരിക്കുന്നതിനും കഫ്ത്തിരിയ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ നടക്കുന്നു.

തിരുവനന്തപുരത്ത് വച്ച് നടക്കുന്ന കേരളീയം പരിപാടിയിൽ ജലസംരക്ഷണവുമായി ബന്ധപ്പെട്ട് കാനാമ്പുഴ ഒരു പ്രധാന തീം ആയി തിരഞ്ഞെടുത്തിട്ടുണ്ട്. അതിനായി കാനാമ്പുഴയുടെ ഡോക്യുമെൻേറഷനും മുൻഒരുക്കങ്ങളും നടക്കുന്നുണ്ട്.

### 12.2) സുസ്ഥിര തൃത്താല സമഗ്രവികസന പദ്ധതി

പാലക്കാട് ജില്ലയിൽ തൃത്താല അസംബ്ലി നിയോജക മണ്ഡലത്തിൽ സംയോജിത പദ്ധതിയായ സുസ്ഥിര തൃത്താല സമഗ്രവികസന പദ്ധതി നടപ്പിലാക്കി വരുന്നു. തൃത്താല മണ്ഡലത്തിൽ ഒരു ലക്ഷം തെങ്ങിൻ തൈകൾ നടാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഒക്ടോബർ മാസം വരെ 95,905 എണ്ണം നട്ടു പിടിപ്പിച്ചിട്ടുണ്ട്.

സുസ്ഥിര തൃത്താലപദ്ധതിയുടെ ഭാഗമായി 854 കംപോസ്റ്റ് പിറ്റുകളുടെയും, 962 കിണർ റീചാർജിങ്, 9425 സെന്ററിപെറ്റൽ ടെറസ് വർക്കുകളും, 206 റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ് സ്ട്രക്ച്ചർ വർക്കുകൾ, 3000 കോണ്ടൂർ ബണ്ടുകൾ, 11900 കംപാർട്ട്മെന്റ് ബണ്ടുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സുസ്ഥിര തൃത്താലയുടെ ഭാഗമായുള്ള പ്രത്യേക നീർത്തട പദ്ധതി പ്രകാരം അത്യുൽപാദനശേഷിയുള്ള 4400 ഫലവൃക്ഷത്തൈകൾ മണ്ഡലത്തിലെ എട്ടു മാതൃകാ

സൂക്ഷ്മ നീർത്തടങ്ങളിലെ കർഷകർക്ക് നൽകിയിട്ടുണ്ട്. കൂടാതെ 4400 പച്ചക്കറി തൈ കിറ്റുകളും കർഷകർക്ക് നൽകിയിട്ടുണ്ട്.

പട്ടിത്തറ, നാഗലശ്ശേരി ഗ്രാമപഞ്ചായത്തുകളിലെ കർഷകരിൽ നിന്നും ലഭിച്ച മണ്ണിനങ്ങൾ പരിശോധിച്ച് സൂക്ഷ്മ മൂലകങ്ങളുടെ അളവുകളും വിളകൾക്ക് അനുയോജ്യമായ ശുപാർശയും അടങ്ങിയ സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്തു.

8 സൂക്ഷ്മ നീർത്തടങ്ങളിലെ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി 4918 ഹെക്ടർ പ്രദേശത്തിന് ആദ്യഘട്ടമായി രണ്ട് കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

## 13) കരീപ്ര പാറക്വാറി റീചാർജ്ജ്

കൊല്ലം ജില്ലയിലെ കൊട്ടാരക്കര മണ്ഡലത്തിൽ കരീപ്ര ഗ്രാമപഞ്ചായത്തിലെ ഉളകോട് ക്വാറിയിലെ ജലം കൃഷിയ്ക്കും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി പ്രയോജനപ്പെടുത്തുന്ന ഹരിതതീർത്ഥം പദ്ധതി ഒക്ടോബർ 21 ന് ധനമന്ത്രി കെ.എൻ.ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. ഉപേക്ഷിക്കപ്പെട്ട പാറമടകളിലെ ജലം പ്രയോജനപ്പെടുത്തുന്ന മാതൃകാപരമായ ജലസംരക്ഷണ പ്രവർത്തനമാണ് കരീപ്ര ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന ഹരിത തീർത്ഥം പദ്ധതി. ഉളകോട് വാർഡിൽ സ്ഥിതി ചെയ്യുന്ന 20 ഏക്കറോളം വിസ്തൃതിയുള്ള ആഴമേറിയ പാറക്വാറിയിലെ ജലം സോളാർ പമ്പ് ഉപയോഗിച്ച് ചെറുചാലുകളിലൂടെ സമീപത്തുള്ള തലക്കുളത്തിലേക്കും തോടുകളിലേക്കും ഒഴുക്കുകയും ഉളകോട്, വാക്കനാട്, നെടുമൺകാവ്, കൊടിക്കോട്, ഏറ്റുവായ്ക്കോട് എന്നീ അഞ്ചു വാർഡുകളിൽ മുഖ്യമായും കൃഷിയ്ക്ക് പ്രയോജനപ്പെടുത്തുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. കൂടാതെ 40 ഏക്കർ നെൽവയലുകളിൽ കൃഷി നടത്താനും ഭൂഗർഭ ജലവിതാനം നിലനിർത്തി വരൾച്ചയെ പ്രതിരോധിക്കാനും പ്രദേശത്തെ തരിശുരഹിത ഗ്രാമമായി നിലനിർത്താനും പദ്ധതിയിലൂടെ കഴിയും. പൂർണ്ണമായും ഹരിത ഊർജ്ജത്തിലൂടെ നടപ്പാക്കുന്ന പദ്ധതി എന്ന പ്രത്യേകതയും ഇതിനുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള അനെർട്ടാണ് പദ്ധതി പ്രവർത്തനത്തിനായുള്ള സോളാർ പ്ലാന്റും പമ്പുസെറ്റും ഇതിനായി സ്ഥാപിച്ചത്. സംസ്ഥാന ഹൈഡ്രോഗ്രാഫിക് വിഭാഗത്തിന്റെ സഹായത്തോടെ പാറക്വാറിയിൽ പൂർണമായും ബാതിമെട്രി സർവേ നടത്തി ജലത്തിന്റെ അളവും നിർണയിച്ചിട്ടുണ്ട്.

## 14) ശുചിത്വസാഗരം

കടലിലേക്കുള്ള പ്ലാസ്റ്റിക്കിന്റെ ഒഴുക്ക് തടയുന്നതിനും കടലിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുമായി നവകേരളം കർമ്മപദ്ധതിയുടെ ഏകോപനത്തിൽ കൊല്ലം ജില്ലയിലെ തീരദേശ തദ്ദേശ സ്ഥാപനങ്ങളും റീസിറ്റി(NGO)യുമായി ചേർന്ന് പ്രഥമിക പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തീരദേശ മേഖലയിൽ ഉൾപ്പെടുന്ന തദ്ദേശസ്ഥാപനങ്ങളുടെയും, ഫിഷറീസ് വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ്, ശുചിത്വ മിഷൻ, ക്ലീൻകേരള കമ്പനി, റീസിറ്റി ബോട്ട് ഉടമകളുടെ അസ്സോസ്സിയേഷൻ എന്നിവരുമായി ചേർന്ന് പ്രത്യേക യോഗങ്ങൾ ചേർന്ന് തുടർ പ്രവർത്തനം ആസൂത്രണം ചെയ്തിട്ടുണ്ട്.

കടലിലെ പ്ലാസ്റ്റിക് ശേഖരണം ആരംഭിക്കുന്നതിന് മുന്നോടിയായി ബോട്ട് ഉടമകളുടെ അസ്സോസ്സിയേഷൻ ഭാരവാഹികളുടെ യോഗം ബഹു.ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ 25/10/23-ന് ചേർന്നു. യോഗത്തിൽ പ്ലാസ്റ്റിക് ശേഖരിച്ച് കൊണ്ടുവരുന്ന മത്സ്യതൊഴിലാളികൾക്ക് ഇൻസെൻറീവ് നൽകണം എന്ന ആവശ്യം ഭാരവാഹികൾ മുന്നോട്ടു വെച്ചു. കോർപ്പറേറ്റ് കമ്പനികളുടെ സി.എസ്സ്.ആർ ഫണ്ട് ഉപയോഗിച്ച് മത്സ്യതൊഴിലാളികൾക്ക് ഇൻസെൻറീവ് നൽകാൻ സാധിക്കുന്നതാണെന്ന് റീസിറ്റി നെറ്റ് വർക്ക് യോഗത്തെ അറിയിച്ചു.

പദ്ധതിക്കായി പുതിയ ആർ.ആർ.എഫ് നിർമ്മാണത്തിനായി അനുയോജ്യമായ സ്ഥലം അഴീക്കൽ ഹാർബറിൽ 25/10/23-ന് വിവിധ വകുപ്പുകൾ സംയുക്തമായി ഫീൽഡ് സന്ദർശനം നടത്തി സ്ഥലം കണ്ടെത്തി.

# ലൈഫ് മിഷൻ

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി 2023 സെപ്റ്റംബറിൽ ലൈഫ് മിഷൻ മുഖേന നടത്തിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ചുവടെച്ചേർക്കുന്നു.

**ഭൗതികനേട്ടം - ഒറ്റനോട്ടത്തിൽ**

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ഭാഗമായി 2017 മുതൽ 31.10.2023 വരെ 3,56,108 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**ലൈഫ് പുരോഗതി ഒറ്റനോട്ടത്തിൽ 2017 മുതൽ 31.10.2023 വരെ**

| നം | ലൈഫ് മിഷൻ/ വകുപ്പുകൾ | പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | ലൈഫ് ഒന്നാംഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 52,680 |
| 2 | ലൈഫ്രണ്ടാംഘട്ടം (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം), പി.എം.എ.വൈ-ലൈഫ് (അർബൻ, റൂറൽ), വിവിധ വകുപ്പുകൾമുഖേന | 2,55,995 |
| 3 | ലൈഫ് മൂന്നാംഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 22,973 |
| 4 | അഡീഷണൽ ലിസ്റ്റ് (എസ്സി/എസ്.ടി/ ഫിഷറീസ്) | 23,574 |
| 5 | ഭവന സമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 886 |
| | **ആകെ** | 3,56,108 |

**വ്യക്തിഗത ഭവനങ്ങൾ**

ഈ സർക്കാരിൻറെ കാലയളവിൽ 93,977 ലൈഫ് ഗുണഭോക്തൃ കുടുംബങ്ങൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,25,189 വീടുകൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

**ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി 2022-23 വർഷത്തെ പുരോഗതി വിശദാംശം വ്യക്തിഗത ഭവനം**

| | | |
|---|---|---|
| ഭൗതികലക്ഷ്യം 2022-23 (ബജറ്റ് പ്രഖ്യാപനം) | - | 1,06,000 |
| കരാറിലേർപ്പെട്ടവരുടെഎണ്ണം | - | 1,06,864 |
| 31.03.2023 വരെ പൂർത്തീകരിച്ച വീടുകൾ | - | 54,648 |

**ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതി 2023-24 വർഷത്തെ പുരോഗതി വിശദാംശം വ്യക്തിഗത ഭവനം**

| | | |
|---|---|---|
| ഭൗതികലക്ഷ്യം 2023-24 (ബജറ്റ് പ്രഖ്യാപനം) | - | 71,861 |
| കരാറിലേർപ്പെട്ടവരുടെ എണ്ണം | - | 1,41,257 |
| 2023-24 വർഷം പൂർത്തീകരിച്ച വീടുകൾ | - | 16,068 |
| നിർമ്മാണ പുരോഗതിയിലുള്ള വീടുകൾ | - | 1,25,189 |

| | | |
|---|---|---|
| റൂഫ് | - | 15,202 |
| ലിൻറിൽ | - | 15,860 |
| ബേസ്മെൻറ് | - | 22,566 |
| നിർമ്മാണം ആരംഭിച്ചവർ | - | 71,561 |
| **ആകെ** | - | 1,25,189 |

**ലൈഫ് 2020- പുരോഗതിവിശദാംശം**

| | |
|---|---|
| **ഭൂമിയുള്ള ഭവനരഹിതർ** | 3,69,262 |
| **ഭൂരഹിത ഭവനരഹിതർ** | 1,96,446 |
| **ആകെ** | 5,65,708 |

**അതിദാരിദ്ര്യ വിഭാഗത്തിൽപ്പെട്ടവർ (EPEP)**

അതിദരിദ്ര്യ നിർണ്ണയ പ്രക്രിയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളിൽ ഭവനനിർമ്മാണത്തിനായി കരാർവെച്ച 3162 പേരിൽ 468 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവർ

| | | |
|---|---|---|
| വീട് വേണ്ടവർ | - | 8342 |
| വീടും സ്ഥലവും വേണ്ടവർ | - | 7018 |
| **ആകെ** | - | **15,360** |

**ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ടവർക്ക് ആനുകൂല്യം നൽകി തുടങ്ങി.**

2018-ലും 2022-ലും വായ്പകൾ അനുവദിക്കുന്നതിനായി ലൈഫ് മിഷൻ കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക് കൈമാറിയിട്ടുള്ള ഗുണഭോക്തൃ പട്ടികകളിലെ ഫണ്ടഭ്യർത്ഥന നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് പകരം, ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ അർഹിക്കുന്നവർക്ക് ഭവനനിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം 2023 ഒക്ടോബർ വരെ 70,277 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിട്ടുണ്ട്.

**ലൈഫ് 2020 കരാർവയ്ക്കൽ പുരോഗതി - ജില്ലതിരിച്ച്**

| ജില്ല | അർഹരായവർ | കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 43240 | 5957 |
| കൊല്ലം | 33675 | 4525 |
| പത്തനംതിട്ട | 10399 | 3816 |
| ആലപ്പുഴ | 30512 | 6129 |
| കോട്ടയം | 17394 | 4308 |
| ഇടുക്കി | 26299 | 1807 |
| എറണാകുളം | 23345 | 4550 |
| തൃശ്ശൂർ | 27916 | 4494 |
| പാലക്കാട് | 57949 | 6133 |
| മലപ്പുറം | 33631 | 13832 |
| കോഴിക്കോട് | 20894 | 5612 |
| വയനാട് | 17322 | 2024 |
| കണ്ണൂർ | 12236 | 4249 |
| കാസർഗോഡ് | 14450 | 2841 |
| **ആകെ** | 369262 | 70277 |

**മനസ്സോടിത്തിരി മണ്ണ്**

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി 2023 സെപ്റ്റംബർ മാസം വരെ 2602.911 സെൻറ് ഭൂമി ലൈഫ് മിഷന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 1541.987 സെൻറ് ഭൂമി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് / ഗുണഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.

**ലൈഫ് ചിറ്റിലപ്പിള്ളി ഭവനപദ്ധതി**

മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ 1000 ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭൂമിവാങ്ങുന്നതിന് ഒരു കുടുംബത്തിന് പരമാവധി 2.5 ലക്ഷംരൂപ നിരക്കിൽ 25 കോടി രൂപ ധനസഹായം നൽകുന്നതിന് ധാരണാപത്രം ഒപ്പിട്ടിരുന്നു. അതിൻപ്രകാരം 474 ഗുണഭോക്താക്കൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. 526 ഗുണഭോക്താക്കളുടെ ഭൂമി രജിസ്ട്രേഷൻ നടപടികൾ പുരോഗമിക്കുന്നു.

**ഭവനസമുച്ചയ നിർമ്മാണ പുരോഗതി**

ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതരുടെ പുനഃരധിവാസത്തിനായി ലൈഫ് മിഷൻ മുഖേന നിർമ്മാണമാരംഭിച്ച 27 ഭവനസമുച്ചയങ്ങളിൽ 4 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 23 ഭവനസമുച്ചയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു.

# വിദ്യാകിരണം

**ഭൗതിക സൗകര്യ വികസനം**

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് 5 കോടി, 3കോടി, 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെടുത്തി തുക അനുവദിച്ചിരുന്നു. നിജസ്ഥിതി ചുവടെ ചേർക്കുന്നു.

| പദ്ധതി- അനുവദിച്ച തുക | അനുവദിച്ച സ്കൂളുകൾ | പൂർത്തിയാക്കിയത് | അഭിപ്രായം |
|---|---|---|---|
| 5 കോടി കിഫ്ബി | 141 | 134 | ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിൽ |
| 3 കോടി കിഫ്ബി | 386 | 160 | കില എസ്.പി.വിയായ 200 സ്കൂളുകളിൽ 92 സ്കൂളുകളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണ ഘട്ടത്തിലായിട്ടുണ്ട്. ശേഷിക്കുന്നവ അംഗീകാരത്തിന്റെ വിവിധ ഘട്ടങ്ങളി ലാണ്. |
| 1 കോടി കിഫ്ബി | 446 | 147 | ശേഷിക്കുന്നവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |

- ഒക്ടോബർ മാസത്തിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച 5 സ്കൂളുകളുടെ ഉദ്ഘാടനം നടന്നു.
- തൃശ്ശൂർ ജില്ലയിലെ ജി.ഡബ്ല്യു. എൽ.പി.എസ്.പുലിപ്പാറക്കുന്ന് സ്കൂളിന്റെ ഉദ്ഘാടനം ബഹു. പട്ടികജാതി പിന്നാക്ക വികസന ദേവസ്വം വകുപ്പ് മന്ത്രി കെ.രാധാകൃഷ്ണൻ നിർവഹിച്ചു.
- തൃശ്ശൂർ ജില്ലയിലെ ഗവൺമെൻറ് ഫിഷറീസ് വിഎച്ച്എസ്എസ് കൈപ്പമംഗലം സ്കൂളിന്റെയും വയനാട് ജില്ലയിലെ സുൽത്താൻബത്തേരി ഗവൺമെൻറ് സർവജന ഹയർ സെക്കൻഡറി സ്കൂളിന്റെയും കാസറഗോഡ് ജില്ലയിലെ കുമ്പള ജി.എച്ച്എസ്എസ് സ്കൂളിന്റെയും ഉദ്ഘാടനം ബഹു. പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി ഉദ്ഘാടനം നിർവഹിച്ചു.
- കോട്ടയം ജില്ലയിലെ കാണക്കാരി ജിഎച്ച്എസ്എസ് & വി എച്ച് എസ് എസ് സ്കൂളിന്റെ ഉദ്ഘാടനം ബഹു. സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി എൻ വാസവൻ നിർവ്വഹിച്ചു.
- നാല് റീജിയനുകളിലായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന മേഖലാതല അവലോകന യോഗത്തിന്റെ തുടർനടപടികളുടെ ഭാഗമായി ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഒക്ടോബർ മാസം 12, 13 തീയതികളിൽ തിരുവനന്തപുരത്ത് വച്ച് അവലോകന യോഗം നടത്തി. പ്രസ്തുത യോഗങ്ങളിൽ നിർമ്മാണം പൂർത്തീകരിക്കാത്ത ഓരോ വിദ്യാലയങ്ങളെയും പ്രത്യേകം എടുത്ത് വിശകലനം ചെയ്തു. കില നിർവ്വഹണ ഏജൻസിയായുള്ള 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ഏതാണ്ട് 115 ലധികം വരുന്ന കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്ക് സാങ്കേതിക അനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ കാരണം നിലവിലുള്ള PRICE SOFTWAREൽ ഈ അടുത്ത് PWD വരുത്തിയ മാറ്റങ്ങൾ ആണെന്ന് ശ്രദ്ധയിൽപ്പെട്ടു. PRICE SOFTWAREന്റെ പ്രശ്നം പരിഹരിക്കുന്നതിന് ബഹു.തദ്ദേശഭരണ വകുപ്പ് / PWD വകുപ്പ് മന്ത്രിമാരുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് ബഹു. വിദ്യാഭ്യാസ മന്ത്രി കത്ത് നൽകിയിട്ടുണ്ട്.
- ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന മേഖലാതല അവലോകന യോഗത്തിന്റെ തുടർനടപടികളുടെ ഭാഗമായി നവകേരളം കർമ്മപദ്ധതി കോഡിനേറ്റർ ഡോ.ടി.എൻ. സീമയുടെ അധ്യക്ഷതയിൽ വിദ്യാകിരണം മിഷന്റെ പ്രവർത്തനങ്ങളുടെ അവലോകനം നടത്തി. ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1) **കിഫ്ബി ധനസഹായത്തോടെയുള്ള കെട്ടിട നിർമ്മാണം** സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കൃത്യമായ ഇടവേളകളിൽ പ്രവർത്തന അവലോകനങ്ങൾ

വിദ്യാകിരണം മിഷൻ നടത്തുവാൻ തീരുമാനിച്ചു.

2) **സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി** - ഗുണതാ വിദ്യാഭ്യാസം ലക്ഷ്യമിട്ടുകൊണ്ടുള്ള അക്കാദമിക പ്രവർത്തനങ്ങൾ ഇപ്പോൾ പുറത്തിറങ്ങിയ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉടൻ ആരംഭിക്കാനുള്ള ക്രമീകരണങ്ങൾ വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് നടത്തുവാൻ തീരുമാനിച്ചു.

3) **ശിശു സൗഹൃദ ഗണിതശാസ്ത്ര പഠനം** - മഞ്ചാടി പദ്ധതി തെരഞ്ഞെടുക്കപ്പെട്ട 100 വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് ആവശ്യമായ ഫോളോഅപ്പും തുടർപ്രവർത്തനങ്ങളും ഉറപ്പാക്കുവാൻ തീരുമാനിച്ചു.

4) **നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായ മറ്റ് മിഷനുകളുടെയും വകുപ്പുകളുടെയും സഹായത്തോടെ ഏറ്റെടുക്കേണ്ട ക്യാമ്പയിൻ പ്രവർത്തനങ്ങൾ-**

❖ ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം പദ്ധതിക്കായി ഓരോ സ്ഥാപനവും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ആവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കുവാൻ തീരുമാനിച്ചു.

❖ സ്കൂൾ ലീഡർമാർക്കായുള്ള പരിശീലന മൊഡ്യൂൾ, കുട്ടികളുടെ സ്കൂൾ സന്ദർശനത്തിനുള്ള പരിശോധനാസൂചകങ്ങൾ, ടോയ്‌ലറ്റ് സാക്ഷരതയ്ക്ക് ആവശ്യമായ ഉപാധികൾ, ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം അനുഭവസാക്ഷ്യങ്ങൾ, എന്നിവ നവംബർ 15 നകം സംസ്ഥാനാടിസ്ഥാനത്തിൽ കൂടിയിരുന്ന് കൃത്യമായ രൂപരേഖ തയ്യാറാക്കുവാൻ തീരുമാനിച്ചു.

❖ ശുചിത്വ വിദ്യാലയം ഹരിതവിദ്യാലയം പദ്ധതിയുടെ ഭാഗമായി ജനുവരി 26 ന് ഡിസ്പോസിബിൾ ഫ്രീ സ്കൂൾ പ്രഖ്യാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

**അക്കാദമിക പ്രവർത്തനങ്ങൾ**

❖ **സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം** - ഒന്നു മുതൽ നാലുവരെ പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളെ കരിക്കുലം വിഭാവനം ചെയ്യുന്ന സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ഒരു പഞ്ചായത്തിലെ 2 സ്കൂളുകൾ (LP/UP) തെരഞ്ഞെടുത്തിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുമായി ചേർന്ന് നടത്തി വരുന്നു.

❖ **ശിശു സൗഹൃദ ഗണിത ശാസ്ത്ര പഠനം (മഞ്ചാടി)** - നൂതനങ്ങളായ പഠന അന്വേഷണങ്ങളിൽ ശിശുസൗഹൃദ ഗണിതശാസ്ത്ര പഠനം (**മഞ്ചാടി**) പദ്ധതി തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ നാല് ജില്ലകളിൽ ആണ് തുടക്കം കുറിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായുള്ള അധ്യാപക പരിശീലനം പൂർണ്ണമായി. ക്ലാസ്സ് മുറികളിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനായി 4 ജില്ലകളിലായി തെരെഞ്ഞെടുക്കപ്പെട്ട 72 സ്കൂളുകളും, 28 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ഉൾപ്പെടെ 100 സ്കൂളുകളെ തിരഞ്ഞെടുത്തിട്ടുണ്ട്.

**ക്യാമ്പയിൻ പ്രവർത്തനങ്ങൾ**

**ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം** - വിദ്യാകിരണം മിഷന്റെ ഭാഗമായി ഏറ്റെടുക്കേണ്ട ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് നിയതമായ ഒരു മാർഗ്ഗരേഖ, ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം പദ്ധതിക്കായി വിശദമായ ഒരു പ്രൊപ്പോസൽ, സ്കൂൾ ലീഡർമാർക്കുള്ള പരിശീലനത്തിനുള്ള മോഡ്യൂളും കുട്ടികളുടെ സ്കൂൾ സന്ദർശനത്തിനാവശ്യമായ പരിശോധനാസൂചകങ്ങളും തയ്യാറാക്കി വരുന്നു.

**തെളിവാനം വരയ്ക്കുന്നവർ** -ലഹരിക്കെതിരായ മനോഭാവം വളർത്താൻ ഉതകുംവിധം തയ്യാറാക്കിയ 'തെളിവാനം വരയ്ക്കുന്നവർ' എന്ന പുസ്തകം സ്കൂളുകളിലേക്ക് നൽകിയിട്ടുണ്ട്. ഇത് പ്രയോജനപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

# ആർദ്രം മിഷൻ

## 1. ആരോഗ്യ സ്ഥാപനങ്ങളുടെ പരിവർത്തന പ്രവർത്തനങ്ങൾ

| ഘട്ടം | തിരഞ്ഞെടുക്കപ്പട്ട സ്ഥാപനങ്ങൾ | നിർമ്മാണം പൂർത്തിയായവ | നിർമ്മാണം പുരോഗമിക്കുന്നവ |
|---|---|---|---|
| മെഡിക്കൽ കോളേജുകളിലെ ഒ. പി പരിവർത്തനം | 8 | 8 (100%) | 0 |
| ജില്ലാ ആശുപത്രികളിലെ ഒ. പി പരിവർത്തനം | 17 | 14 (82%) | 0 |
| താലൂക്ക് ആശുപത്രികളുടെ ഒ. പി പരിവർത്തനം | | | |
| ഒന്നാം ഘട്ടം | 8 | 6 (75%) | 0 |
| രണ്ടാം ഘട്ടം | 27 | 5 (19%) | 15 |
| മൂന്നാം ഘട്ടം | 8 | 0 | 5 |
| ആകെ | 43 | 11 (25%) | 20 |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | | | |
| ഒന്നാം ഘട്ടം | 76 | 48 (63%) | 13 |
| രണ്ടാം ഘട്ടം | 75 | 8 (10%) | 21 |
| ആകെ | 151 | 56 (37%) | 34 |
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി | | | |
| ഒന്നാം ഘട്ടം | 170 | 166 (97%) | 1 |
| രണ്ടാം ഘട്ടം | 504 | 425 (84%) | 22 |
| മൂന്നാം ഘട്ടം | 212 | 65 (31%) | 42 |
| ആകെ | 886 | 656 (74%) | 65 |

## 2. വാർഷിക ആരോഗ്യ പരിശോധന (അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ)

- 30 വയസ്സിന് മുകളിലുള്ള എല്ലാ വ്യക്തികളേയും വർഷത്തിൽ ഒരിക്കലെങ്കിലും ജീവിതശൈലീ രോഗങ്ങൾ സ്ക്രീൻ ചെയ്യാൻ ഒരു സംവിധാനം ഒരുക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച വാർഷിക ആരോഗ്യ പരിശോധനയിൽ, 01/10/2023 മുതൽ 31/10/2023 വരെ 1,35,618 വ്യക്തികളുടെ സർവേ പൂർത്തിയായി. ഇതിൽ 8,976(6%) പേർക്ക് ക്യാൻസർ സാധ്യത ഉള്ളതായും, 15,491(11%) പേർക്ക് പ്രമേഹ/രക്താതിമർദ്ദ സാധ്യത ഉള്ളതായും, 558(.4%) പേർക്ക് ക്ഷയരോഗ സാധ്യത ഉള്ളതായും, 2,354(1.7%) പേർക്ക് മറ്റ് ശ്വാസകോശ രോഗങ്ങൾക്കുള്ള സാധ്യത ഉള്ളതായും കണ്ടെത്തി കൂടുതൽ പരിശോധനകൾക്കായി റഫർ ചെയ്തിട്ടുണ്ട്.
- ഇത് കൂടാതെ നിലവിൽ രക്താതിമർദ്ദമുള്ള 11,285(8%) പേരുടേയും പ്രമേഹമുള്ള 9,190(7%) പേരുടേയും പ്രമേഹവും രക്താതിമർദ്ദവുമുള്ള 4,230(3%) പേരുടേയും രോഗവിവരങ്ങൾ കൂടി ശൈലി ആപ് വഴി രേഖപ്പെടുത്തിയിട്ടുണ്ട്.
- സ്ക്രീനിംഗ് വഴി രോഗസാധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗനിർണ്ണയം നടത്താനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും നടന്ന് വരുന്നു. ശൈലി ആപ് ഉപയോഗിച്ച് സർവേ നടത്തുവാനുള്ള പരിശീലനം എല്ലാ ജില്ലകളിലേയും ആശമാർക്ക് നൽകിയിട്ടുണ്ട്.
- പ്രമേഹ/രക്താതിമർദ്ദ സാധ്യത ഉള്ള വ്യക്തികളുടെ സ്ക്രീനിംഗ് ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തി രക്തത്തിലെ പഞ്ചസാരയുടെ അളവും രക്തസമ്മർദ്ദവും രേഖപ്പെടുത്തുവാനുള്ള സംവിധാനം ശൈലി ആപ്പിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. ജനകീയാരോഗ്യ കേന്ദ്രങ്ങൾ വഴി

നടത്തിയ സ്ക്രീനിങ്ങിലൂടെ പുതിയതായി 4,04,675 പേർക്ക് രക്താതിമർദ്ദവും 41,084 പേർക്ക് പ്രമേഹവും കണ്ടെത്തിയിട്ടുണ്ട്.

❖ വാർഷിക പരിശോധനാ പദ്ധതിയുടെ ഭാഗമായി വയനാട് ജില്ലയിലുള്ള മുപ്പത് വയസ്സിനു മുകളിൽ പ്രായമുള്ള മുഴുവൻ വ്യക്തികളുടേയും സർവേയും സ്ക്രീനിങ്ങും പൂർത്തിയാക്കി. സർവെ പൂർത്തിയാക്കിയ 4,31,954 പേരിൽ പുതിയതായി 27,597 പേർക്ക് രക്താതിമർദ്ദവും 2,789 പേർക്ക് പ്രമേഹവും കണ്ടെത്തി.

3. **ക്യാൻസർ നിയന്ത്രണ പദ്ധതി**

❖ വാർഷിക ആരോഗ്യ പരിശോധനയിൽ, 01/10/2023 മുതൽ 31/10/2023 വരെ 1,32,260 വ്യക്തികളുടെ സർവേ പൂർത്തിയായതിൽ 6,427(5%) പേർക്ക് ക്യാൻസർ സാധ്യത കണ്ടെത്തി.

❖ ക്യാൻസർ രോഗ സാധ്യത ഉള്ളവരെ കുടുംബാരോഗ്യ കേന്ദ്ര തലം മുതൽ ഉള്ള സ്ഥാപനങ്ങളിൽ പരിശോധന നടത്തി ആവശ്യമുള്ളവരുടെ സാമ്പിൾ ശേഖരിച്ചു ജില്ലയിലെ ലാബുകളിൽ അയച്ചു രോഗനിർണ്ണയം നടത്തുവാനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

❖ കേരളത്തിലെ ആശുപത്രികളെ ബന്ധിപ്പിച്ചു ക്യാൻസർ ഗ്രിഡ് സംവിധാനം തയ്യാറായിട്ടുണ്ട്.

❖ ക്യാൻസർ രോഗ സാധ്യതയുള്ളവരുടെ വിശദമായ ക്ലിനിക്കൽ, ലാബ് പരിശോധനകൾക്കായി വികസിപ്പിച്ച ക്യാൻസർ കെയർ പോർട്ടൽ വഴി ഒക്ടോബർ മാസത്തിൽ 232 വ്യക്തികളുടെ കൂടി രജിസ്ട്രേഷൻ പൂർത്തിയായതോടെ, ഈ പോർട്ടൽ വഴി നടത്തുന്ന രജിസ്ട്രേഷനുകളുടെ എണ്ണം 30,229 ആയി.

4. **നിർണ്ണയ - ഹബ്ബ് ആൻഡ് സ്പോക്ക് മോഡൽ ലാബ് നെറ്റ്‌വർക്ക്**

❖ എറണാകുളം ജില്ലയിൽ പൂർണ്ണമായും മറ്റ് ജില്ലകളിൽ ഭാഗികമായും ഹബ്ബ് ആൻഡ് സ്പോക്ക് മാതൃകയിൽ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നെറ്റ്‌വർക്കിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. AMR സാമ്പിളുകൾ, കാൻസർ സ്ക്രീനിങ്, ക്ഷയരോഗ സ്ക്രീനിങ്, നവജാത ശിശു സ്ക്രീനിങ് മുതലായവ ഈ സംവിധാനം വഴി പരിശോധിക്കാനാകും.

❖ ഹബ്ബ് ലാബുകളുടെയും സ്പോക്കുകളുടെയും മാപ്പിംഗ് ജില്ലാ തലത്തിൽ പൂർത്തിയായി.

❖ എഎംആർ ലാബുകളുമായി ബന്ധപ്പെട്ട തടസ്സങ്ങൾ അവലോകനം ചെയ്യാൻ സംസ്ഥാന തല യോഗം ചേർന്നു.

❖ ഹബ്ബ് & സ്പോക്ക് ലാബുകൾക്കായുള്ള ഗതാഗത മാതൃകകൾ ജില്ലാ ആവശ്യങ്ങൾക്കനുസരിച്ച് വികസിപ്പിക്കുന്നു.

❖ പദ്ധതിയുടെ പ്രവർത്തന മാർഗരേഖ 2023 ജൂലൈയിലും ലാബ് മാനേജ്മെന്റ് കമ്മിറ്റി മാർഗരേഖ 2023 സെപ്റ്റംബറിലും പുറപ്പെടുവിച്ചു.

❖ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി സ്റ്റേറ്റ്/റിജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലും ജില്ലാ പബ്ലിക്ക് ഹെൽത്ത് ലാബുകളിലും ലാബ് ഡെവലപ്മെന്റ്, ലാബ് മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുവാൻ തീരുമാനമായിട്ടുണ്ട്.

5. **വയോജന-സാന്ത്വന പരിചരണം**

❖ പാലിയേറ്റീവ് കെയർ പോളിസിയെ അടിസ്ഥാനപ്പെടുത്തി സാന്ത്വന പരിചരണത്തിനായുള്ള സമഗ്രമായ പാലിയേറ്റീവ് കെയർ ആക്ഷൻ പ്ലാൻ തയ്യാറാക്കി.

❖ സംസ്ഥാനത്ത് 1,110 പ്രാഥമിക പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 2,41,755 രോഗികൾക്കും 322 ദ്വിതീയ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ കീഴിൽ 38,417 രോഗികൾക്കും സാന്ത്വന പരിചരണം നൽകി വരുന്നു.

❖ 1/10/2023 മുതൽ 31/10/2023 വരെയുള്ള കണക്ക് പ്രകാരം 1,35,618 പേരുടെ സ്ക്രീനിംഗ് പൂർത്തിയായതിൽ, 907 കിടപ്പുരോഗികളും 1610 ഹോം ബൌണ്ട് വ്യക്തികളും അറുപത് വയസ്സിനു

മുകളിൽ പ്രായമുള്ള 36861 വ്യക്തികളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ പഞ്ചായത്ത്/വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ച് പാലിയേറ്റീവ് പരിചരണം ആവശ്യമുള്ള രോഗികൾക്ക് പരിശീലനം സിദ്ധിച്ച സന്നദ്ധ പ്രവർത്തകന്റെ സേവനം ലഭ്യമാക്കുവാനും സാധിക്കുന്നതാണ്.

- ❖ എല്ലാ മെഡിക്കൽ കോളേജുകളിലും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
- ❖ ആയുർവേദ, ഹോമിയോ ചികിത്സാ ശാഖകളുടെ സാധ്യതകൾ കൂടി സാന്ത്വന പരിചരണ രംഗത്ത് ഉപയോഗപ്പെടുത്താനും ഈ മേഖലയിൽ പ്രവർത്തിക്കുന്ന Community Based Organisations (CBOs) ന് രജിസ്ട്രേഷൻ നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.
- ❖ സാമൂഹിക സന്നദ്ധസേന പോർട്ടൽ വഴി സാന്ത്വന പരിചരണത്തിൽ താൽപ്പര്യമുള്ള വോളന്റിയർമാരെ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ആരംഭിച്ചിട്ടുണ്ട്.
- ❖ സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനായി ഒരു സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്നു.
- ❖ കേരള സർക്കാരിന്റെ കീഴിലുള്ള സ്കോൾ കേരളയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ സഹകരണത്തോടെ നടത്തുന്ന ആറു മാസത്തെ ഹോം നഴ്സിംഗ് കോഴ്സ് (ഡിപ്ലോമ ഇൻ ഡൊമിസീലിയറി നേഴ്സിങ് കെയർ) നുള്ള പ്രവേശന വിജ്ഞാപനം പുറപ്പെടുവിച്ചു. സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഈ മേഖലയിൽ ആദ്യമായി ആണ് ഇങ്ങനെ ഒരു കോഴ്സ് ആരംഭിക്കുന്നത്.

6. **ഏകാരോഗ്യ സമീപനം (One Health Initiative)**

- ❖ ആർദ്രം രണ്ടാം ഘട്ടത്തിന്റെ ഭാഗമായി കർസാപ് - വൺ ഹെൽത്ത് -ആർ.കെ.ഐ ഇനിഷ്യേറ്റീവ് എന്നിവയുമായി സഹകരിച്ച് പദ്ധതി നടപ്പാക്കി വരുന്നു.
- ❖ സംസ്ഥാനത്ത് ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് രാജ്യത്ത് ആദ്യമായി ബ്ലോക്ക്തല ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് കമ്മിറ്റികൾക്കുള്ള എസ്.ഒ.പി. പുറത്തിറക്കി. ബ്ലോക്ക്തല എ.എം.ആർ. കമ്മിറ്റികളുടെ രൂപീകരണം, ലക്ഷ്യങ്ങൾ, പ്രവർത്തനങ്ങൾ, നിരീക്ഷണം എന്നിവ സംബന്ധിച്ച സമഗ്ര മാർഗരേഖയാണ് പുറത്തിറക്കിയത്.
- ❖ സംസ്ഥാന തലത്തിൽ സെന്റർ ഫോർ വൺ ഹെൽത്ത് സ്ഥാപിക്കുന്നതിനും ജില്ലാ തലത്തിൽ District Programme Management & Support Unit (DPSU)-കളും സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ പത്തനംതിട്ട ജില്ലയിൽ ലോക ബാങ്ക് ആദ്യ വർഷത്തേക്ക് നിശ്ചയിച്ച എല്ലാ സൂചകങ്ങളും ജില്ല നേടി എടുത്തിട്ടുണ്ട്, വൺ ഹെൽത്ത് ജില്ലാ മെൻറ്റർമാരെ നിയോഗിച്ചു. 50 തദ്ദേശ സ്ഥാപനങ്ങളിൽ വൺ ഹെൽത്ത് കമ്മിറ്റി രൂപീകരിച്ചു.
- ❖ കോട്ടയം ജില്ലയിൽ ജില്ലാ എ.എം.ആർ ലാബ് ആരംഭിച്ചു. ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് പ്രവർത്തനങ്ങളുടെ ഭാഗമായി പ്രിസ്ക്രിപ്ഷൻ കൂടാതെ മരുന്നുകൾ നൽകരുതെന്ന നിർദ്ദേശം മെഡിക്കൽ ഷോപ്പുകൾക്ക് നൽകിയിട്ടുണ്ട്. എല്ലാ മെഡിക്കൽ ഷോപ്പുകളിലും ഇത് സംബന്ധിച്ച ബോർഡുകൾ സ്ഥാപിച്ചു. ആഫ്രിക്കൻ ഒച്ചുകളുടെ ശല്യം രൂക്ഷമായ സ്ഥലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ "പാഠം ഒന്ന് ഒച്ച്" എന്ന ക്യാമ്പയിൻ നടത്തി.
- ❖ മലപ്പുറം ജില്ലയിൽ എല്ലാ ബ്ലോക്കിലും എ എം ആർ കമ്മിറ്റി രൂപീകരിച്ചു. പബ്ലിക് ഹെൽത്ത് ലാബിൽ എ എം ആർ ലാബ് സംവിധാനം സ്ഥാപിച്ച് കൾച്ചർ ടെസ്റ്റുകൾ ആരംഭിച്ചു.
- ❖ കോഴിക്കോട് ജില്ലയിൽ ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ശക്തമായി നടന്നു വരുന്നു. ഏകാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ജന്തുജന്യ രോഗങ്ങൾക്കെതിരായ നിരീക്ഷണവും പ്രതിരോധ പ്രവർത്തനങ്ങളും ശക്തമായി നടന്നു വരുന്നു. കോഴിക്കോട് ജില്ലയിൽ നിപ വൈറസ് ബാധയുടെ പശ്ചാത്തലത്തിൽ പ്രത്യേക

കർമ്മപദ്ധതി തയ്യാറാക്കി, 2023 ഒക്ടോബറിൽ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചു. ഇത് പ്രകാരം വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തുടർച്ചയായ സർവൈലൻസ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. ജില്ലയിൽ ഏകാരോഗ്യ നിരീക്ഷണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതിയും മാർഗരേഖയും സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്.

- ❖ വയനാട് ജില്ലയിൽ ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ COHEART സെന്ററുമായി ചേർന്ന് ആരംഭിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ വിവിധ വകുപ്പുകളുടെ ആലോചനാ യോഗം നടത്തി.
- ❖ എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഏകാരോഗ്യവുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
- ❖ കോഴിക്കോട് ജില്ലയിലെ കക്കോടി കുടുംബാരോഗ്യ കേന്ദ്രം AMR സ്മാർട്ട് അംഗീകാരം നേടി.
- ❖ 2024 ജനുവരി അവസാനത്തോടെ കമ്മ്യൂണിറ്റി ബേസ്ഡ് സർവൈലൻസ് സിസ്റ്റം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വോളണ്ടിയർമാരുടെ പരിശീലനം പൂർത്തിയാക്കാൻ കർമ്മ പദ്ധതി തയ്യാറാക്കി.
- ❖ കമ്മ്യൂണിറ്റി ബേസ്ഡ് സർവൈലൻസ് സിസ്റ്റം സ്ഥാപിക്കുന്നതിന് ഐടി പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കുന്നതിന് ഡിജിറ്റൽ യൂണിവേഴ്സിറ്റി-കേരളയുമായി കരാർ ഒപ്പുവച്ചു. ജില്ലാ മെന്റർമാർ, കമ്മ്യൂണിറ്റി മെന്റർമാർ, കമ്മ്യൂണിറ്റി വോളന്റിയർമാർ എന്നിവരുടെ രജിസ്ട്രേഷനായി വെബ് പോർട്ടലിന്റെ (വെബ്സൈറ്റ് & രജിസ്ട്രേഷൻ പോർട്ടൽ) വികസനവുമായി ബന്ധപ്പെട്ട 95% പ്രവർത്തനങ്ങൾ പൂർത്തിയായി. സെക്യൂരിറ്റി ചെക്ക്, എസ്എംഎസ് ഗേറ്റ് വേ ഇന്റഗ്രേഷൻ, ഡൊമെയ്ൻ പർച്ചേസ്, ഹോസ്റ്റിംഗ് എന്നിവയാണ് ശേഷിക്കുന്ന പ്രവർത്തനങ്ങൾ.
- ❖ വൺ ഹെൽത്തിന്റെ ഐഇസി പ്രോഗ്രാമിന്റെ ഭാഗമായി ഒരു ജനകീയ ക്യാമ്പയിൻ നടത്തുന്നതിനായുള്ള കർമപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെയും സ്കൂൾ വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ വൺ ഹെൽത്ത് ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള ക്യാമ്പയിൻ മൂന്നു ഘട്ടങ്ങളായാണ് നടപ്പാക്കുക.
- ❖ നിലവിൽ വൺ ഹെൽത്ത് പദ്ധതി നടന്നു വരുന്ന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിലായി 48 ജില്ലാ മെന്റർമാരെ നിയമിച്ചു, അവർക്ക് 4 ദിവസത്തെ ഇൻഡക്ഷൻ പരിശീലനം നൽകി.
- ❖ 2023 ഒക്ടോബർ മാസത്തിൽ സെന്റർ ഫോർ വൺ ഹെൽത്ത് കേരള (COH-K) യുടെ ലോഗോ G.O. (Rt)No.2702/2023/H&FWD തീയതി 17-10-2023 പ്രകാരം അംഗീകരിച്ചു.
- ❖ വൺ ഹെൽത്ത് പദ്ധതിയുമായി ബന്ധപ്പെട്ട ആസൂത്രണ ശിൽപശാല 2023 ഒക്ടോബർ 20, 21 തീയതികളിൽ കുമരകത്തെ കെടിഡിസി വാട്ടർസ്കേപ്പിൽ ആരോഗ്യവകുപ്പിലെയും മറ്റ് മേഖലകളിലെയും ഉന്നതതല ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തോടെ സംഘടിപ്പിച്ചു.

### 7. രോഗ നിവാരണ പ്രവർത്തനങ്ങൾ (Disease elimination)

- ❖ മന്ത്, മലേറിയ, ക്ഷയം, കാലാ അസാർ തുടങ്ങിയ രോഗങ്ങൾ നിവാരണം ചെയ്യുന്നതിന് വേണ്ടി ഫീൽഡ് തല പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ എല്ലാ ജില്ലകളിലും ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.
- ❖ കൊല്ലം ജില്ലയിൽ മന്ത് രോഗം, കാലാ അസാർ എന്നീ രണ്ട് രോഗങ്ങളുടെ എലിമിനേഷൻ പ്രക്രിയ പൂർത്തിയാക്കി.
- ❖ പത്തനംതിട്ട ജില്ലയിൽ വാർഡ്, പഞ്ചായത്ത്തല മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ പൂർത്തിയായി. കോട്ടയം ജില്ലയിലെ 77 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മലമ്പനി മുക്തമാണ്.

- ❖ ആലപ്പുഴ ജില്ലയിൽ രോഗനിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി മന്ത് രോഗ നിയന്ത്രണ ക്ലിനിക്കുകൾ, വെക്ടർ നിയന്ത്രണ പ്രവർത്തനങ്ങൾ, സർവ്വേ, സ്ക്രീനിംഗ് തുടങ്ങിയവ കൃത്യമായി നടന്നു വരുന്നു.
- ❖ ഇടുക്കി ജില്ലയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾക്കനുസൃതമായി 2021-22 ൽ 40% ന് മുകളിൽ ക്ഷയരോഗത്തിന്റെ ഇൻസിഡൻസ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഇതിന് സബ്-നാഷണൽ സർട്ടിഫിക്കേഷനിൽ സിൽവർ മെഡൽ ലഭിക്കുകയുണ്ടായി.
- ❖ തൃശ്ശൂർ ജില്ലയിൽ കാലാ അസർ കേസുകൾ ഈ വർഷം റിപ്പോർട്ട് ചെയ്യിട്ടില്ല. മന്ത്, മലേറിയ നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യ ചികിത്സ. മൈഗ്രന്റ് സക്രീനിംഗ് , വെക്ടർ സർവെയിലൻസ് എന്നിവ നടന്നു വരുന്നു. മിസ്റ്റ് ടീം ഡേ നൈറ്റ് ക്യാമ്പുകൾ നടത്തിവരുന്നു.
- ❖ പാലക്കാട് ജില്ലയിൽ മന്ത് രോഗ നിവാരണവുമായി ബന്ധപ്പെട്ട് എംഡിഎ അസ്സെസ്സ്മെന്റ് സർവേയിൽ എംഎഫ് നിരക്ക് 1% കൂടുതലുള്ള 2 ബ്ലോക്കുകളിൽ ഒരു റൗണ്ട് എംഡിഎ തുടരാൻ തീരുമാനിച്ചു. ജില്ലയിൽ 2022 ൽ തദ്ദേശീയമായ കേസ് കണ്ടെത്തിയതിനെ തുടർന്ന് മലേറിയ എലിമിനേഷൻ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമായി നടന്നു വരുന്നു. ജില്ലയിൽ അവസാന കാലാ അസർ കേസ് കണ്ടെത്തിയത് 2021 ലാണ്. തുടർന്ന് ഫീൽഡ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി, 2022-ൽ നടത്തിയ തുടർ സർവേയിൽ പുതിയ കേസുകളൊന്നും കണ്ടെത്തിയിട്ടില്ല.

## 8. സാംക്രമിക രോഗനിയന്ത്രണത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ (Infectious disease Infrastructure)

സംസ്ഥാനത്തെ 82 സ്ഥലങ്ങളിൽ ഐസോലേഷൻ വാർഡ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 40 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായി. 42 സ്ഥാപനങ്ങളിൽ നിർമ്മാണം പുരോഗമിക്കുന്നു.

| നിലവിലെ അവസ്ഥ | എണ്ണം |
|---|---|
| **നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നടന്നവ** | 10 |
| **നിർമ്മാണം പൂർത്തിയായി ഉദ്ഘാടനത്തിന് സജ്ജമായവ** | 30 |
| **നിർമ്മാണം പുരോഗമിക്കുന്നവ** | 42 |

## 9. ഹെൽത്തി ലൈഫ് ക്യാമ്പയിൻ

- ❖ മലപ്പുറം ജില്ലയിൽ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ സമഗ്ര കാൻസർ ജീവിതശൈലീ രോഗനിയന്ത്രണ പരിപാടിയായ "ആരോഗ്യഭേരി" നല്ല രീതിയിൽ നടന്നു വരുന്നു. മലപ്പുറം ജില്ലയെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷിത ജില്ലയാക്കുക, സമ്പൂർണ്ണ കാൻസർ നിയന്ത്രിത ജില്ലയാക്കുക, സമ്പൂർണ്ണ ജീവിതശൈലീ രോഗ നിർണ്ണയ/നിയന്ത്രിത ജില്ലയാക്കുക, ആധുനിക രോഗനിർണ്ണയത്തിലും കാൻസർ-ജീവിതശൈലീ രോഗങ്ങൾ എന്നിവയുടെ ചികിത്സാ സംവിധാനങ്ങളിലും സ്വയം പര്യാപ്ത ജില്ലയാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.
- ❖ കോഴിക്കോട് ജില്ലയിൽ സമഗ്ര ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയായ "ജീവതാളം" ക്യാമ്പയിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പുരോഗമിക്കുന്നു. ക്യാമ്പയിന്റെ ഭാഗമായി ആരോഗ്യകരമായ ഭക്ഷണരീതിയും ഭക്ഷണ സംസ്കാരവും പ്രോൽസാഹിപ്പിക്കുക, കൃഷി പ്രോൽസാഹിപ്പിക്കുക, വ്യായാമവും മറ്റ് ജീവിതശൈലീ മാറ്റങ്ങളും പ്രോൽസാഹിപ്പിക്കുക, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങൾ നടന്നു.
- ❖ കോഴിക്കോട് ജില്ലയിൽ ഹരിതകേരള മിഷനും ആർദ്രം മിഷനും സംയുക്തമായി ഹരിതകർമ്മസേന അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പ് നവംബർ മാസത്തിൽ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ വയനാട് ജില്ലയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണം, ഹരിതകേരളം മിഷനുകളുടെ സഹകരണത്തോടെ ആർദ്ര വിദ്യാലയം – ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന

പേരിൽ വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഭക്ഷണശീലം, ലഹരി വർജ്ജനം, ശുചിത്വം എന്നിവയെക്കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുവാനുള്ള ക്യാമ്പയിൻ ആരംഭിച്ചു.

- ❖ വയനാട് ജില്ലയിൽ ഹരിത കേരളം മിഷനും ആർദ്രം മിഷനും സംയുക്തമായി നടത്തുന്ന "ഹരിതം ആരോഗ്യം" ജില്ലാതല പരിപാടി ആരംഭിച്ചു. സംസ്ഥാനത്തെ മുഴുവൻ ഹരിത കർമ സേനാംഗങ്ങൾക്കും ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പരിപാടി നടക്കുന്നത്.

## 10. ഇന്റഗ്രേറ്റഡ് മെഡിസിനും ഗവേഷണവും (Integrated Medicine & Research)

- ❖ IAV, IGIB, RGCB, NIV തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആരോഗ്യ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്ന് വരുന്നു.
- ❖ ഇതിനായി SHSRCയിൽ എത്തിക്ക്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇതുവരെ 6 IRC മീറ്റിങ്ങുകളും 4 IEC മീറ്റിങ്ങുകളും നടത്തി. 35 ഗവേഷണങ്ങൾക്ക് IRC യുടെയും 19 എണ്ണത്തിന് IEC യുടെയും അംഗീകാരം ലഭിച്ചു.
- ❖ ആരോഗ്യ വകുപ്പിലെ ഡോക്ടർമാരിൽ നിന്ന് പൊതുജനാരോഗ്യത്തിൽ ബിരുദാനന്തര ബിരുദമുള്ളവരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഇവരെ കൂടി ഉൾപ്പെടുത്തി ആരോഗ്യ വകുപ്പിൽ ഗവേഷണങ്ങൾ നടത്താൻ താല്പര്യമുള്ളവർക്ക് പരിശീലനം നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ ആരോഗ്യ വകുപ്പിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന ഗവേഷണങ്ങളുടെ വിശദ വിവരങ്ങൾ ശേഖരിക്കുവാനും, ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കും മറ്റ് ഗവേഷകർക്കും വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകി ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.
- ❖ നിലവിൽ 3 ഗവേഷണ രൂപരേഖകൾ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ (ICMR) അംഗീകാരം നേടിയിട്ടുണ്ട്. നിലവിൽ പുറത്തു നിന്നുള്ള 4 ഗവേഷണങ്ങൾ SHSRC ഫണ്ട് ചെയ്യുന്നുണ്ട്.
- ❖ കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമായി (KSACS) സഹകരിച്ച് 4 ഗവേഷണങ്ങളും നാഷണൽ ഹെൽത്ത് മിഷനുമായി (NHM) സഹകരിച്ച് ഒരു ഗവേഷണവും പൂർത്തിയാക്കി.
- ❖ SHSRCയുടെ നേതൃത്വത്തിൽ ജീവിതശൈലീ രോഗങ്ങൾ, സാന്ത്വന പരിചരണം, മാനസികാരോഗ്യം, വയോജന ആരോഗ്യം, പകർച്ചവ്യാധി പ്രതിരോധം മുതലായ മേഖലകളിൽ ഗവേഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.
- ❖ ആർദ്രം മിഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാർക്കും ജനപ്രതിനിധികൾക്കും വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. MLSP (Mid-Level Service Providers) കളുടെ പരിശീലന പ്രവർത്തനങ്ങൾക്കുള്ള നോഡൽ ഏജൻസി ആയും SHSRC പ്രവർത്തിക്കുന്നു. ഇതിന്റെ ഭാഗമായി പരിശീലന സഹായികളും പരീക്ഷാ സാമഗ്രികളും തയ്യാറാക്കുകയും വിദഗ്ധ പരിശീലകരെ കണ്ടെത്തുകയും ചെയ്തു.
- ❖ SHSRC യുടെ നേതൃത്വത്തിൽ ആർദ്രം മിഷനുമായി ബന്ധപ്പെട്ടും മറ്റ് ഗവേഷണ വിഷയങ്ങളിലും വിവിധ തരം വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചു.

# മോണിറ്ററിങ് & ഇവാല്യുവേഷൻ

- ❖ 2023 ജൂലൈ 26ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം, ലൈഫ് മിഷൻ എന്നിവയുടെ സംസ്ഥാനതല അവലോകന യോഗ നിർദേശപ്രകാരം രണ്ടു മാസത്തിലൊരിക്കൽ കളക്ടർമാർ നേരിട്ട ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചു. ഓഗസ്റ്റ് സെപ്റ്റംബർ മാസങ്ങളിൽ 13 ജില്ലകളിലും കളക്ടർമാരുടെ അവലോകന യോഗം ചേർന്നിട്ടുണ്ട്. പാലക്കാട് ജില്ലയിലാണ് കളക്ടറുടെ ജില്ലാ തല അവലോകന യോഗം ഇനി ചേരേണ്ടത്.
- ❖ രണ്ട് ജില്ലകളിൽ ഒക്ടോബർ മാസം ജില്ലാ കളക്ടർമാർ ജില്ലാതല ഉദ്യോഗസ്ഥരുടെ അവലോകന യോഗം കൂടിയിട്ടുണ്ട്. യോഗങ്ങളിൽ 17 ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ട്.
- ❖ ഒക്ടോബർ മാസം തദ്ദേശ സ്ഥാപനതലത്തിലുള്ള മിഷൻ യോഗങ്ങൾ 83 തദ്ദേശ സ്ഥാപനങ്ങളിൽ നടത്തിയിട്ടുണ്ട്. സെപ്തംബർ മാസം വരെ കൂടിയ 566 മിഷൻ യോഗങ്ങൾ ഉൾപ്പെടെ ആകെ 649 തദ്ദേശ സ്ഥാപനങ്ങളിൽ നിലവിൽ മിഷൻ യോഗം കൂടിയിട്ടുണ്ട്.
- ❖ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയതും ഭാഗഭാക്കായതുമായ 3108 യോഗങ്ങൾ ഒക്ടോബർ മാസം നടന്നിട്ടുണ്ട്. ഹരിത ഓഫീസിനായി 834 യോഗങ്ങളും, മാലിന്യസംസ്കരണ പ്രവർത്തങ്ങൾക്കായി 605 യോഗങ്ങളും, ഹരിത വിദ്യാലയങ്ങൾക്കായി 476 യോഗങ്ങളും കൂടിയതാണ് ഇതിൽ പ്രധാനം.
- ❖ ഹരിത കേരളം മിഷന്റെ പതിനഞ്ചിൽ അധികം പ്രവർത്തനങ്ങൾക്കായി 103 ജില്ലാ തല യോഗങ്ങൾ കൂടിയിട്ടുണ്ട്. 1327 തദ്ദേശ സ്വയംഭരണ യോഗങ്ങളും 1451 സ്ഥാപനതല യോഗങ്ങളും ഈ പ്രവർത്തനങ്ങൾക്കായി കൂടിയിട്ടുണ്ട്.
- ❖ വിവിധ യോഗങ്ങളിൽ 10206 ജനപ്രതിനിധികളും 15686 ഉദ്യോഗസ്ഥരും, 16370 സാങ്കേതിക പ്രവർത്തകരും ഉൾപ്പെടെ ആകെ 42262 പേർ പങ്കെടുത്തിട്ടുണ്ട്.
- ❖ ഹരിത കേരളം മിഷൻ 721 പരിശീലനങ്ങൾ ഒക്ടോബർ മാസത്തിൽ നടത്തിയിട്ടുണ്ട്. ഈ പരിശീലനത്തിലൂടെ 23945 പേർ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഭാഗമായിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ നെറ്റ് സീറോ എമിഷൻ പദ്ധതിയുടെ ഭാഗമായി EMC-യുമായി ചേർന്ന് ഒക്ടോബർ മാസത്തിൽ 573 ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ സംഘടിപ്പിച്ചതിൽ 15202 പേരുടെ പങ്കാളിത്തത്തമായിരുന്നു ഇതിൽ പ്രധാനം. (ഇതു വരെ 908 ഊർജ്ജ സംരക്ഷണ ക്ലാസുകൾ സംഘടിപ്പിച്ചതിൽ 19247 പേരുടെ പങ്കാളിത്തം ഉണ്ടായിരുന്നു).
- ❖ വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി ഒക്ടോബർ മാസത്തിൽ 2778 ഫീൽഡ് തല ഇടപെടലുകൾ ഹരിത കേരളം മിഷൻ നേരിട്ട് നടത്തിയിട്ടുണ്ട്. ഇത്തരം ഇടപെടലുകളുടെ ഭാഗമായി ഒക്ടോബർ മാസത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾ യാഥാർഥ്യമാക്കുന്നതിനോടൊപ്പം (ഗാന്ധി ജയന്തിയുമായി ബന്ധപെട്ട ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടുള്ള 127556 ഉൾപ്പെടെ) 132290 പേരുടെ ജനപങ്കാളിത്തം നാടിന്റെ വികസന പ്രവർത്തങ്ങൾക്കായി ഒക്ടോബർ മാസത്തിൽ വിനിയോഗിക്കാൻ മിഷന് കഴിഞ്ഞിട്ടുണ്ട്.

--------------------------------------------------------------------------------
--------------------------------------------------------------------------------

## ഹരിതകേരളം മിഷൻ പദ്ധതികളുടെ പ്രതിമാസ പ്രവർത്തനങ്ങളുടെ സംഗ്രഹം

### ഒക്ടോബർ മാസത്തെ പ്രവർത്തനം

| സ്കീം / പ്രവർത്തിയുടെ പേര് | നടന്ന യോഗം (എണ്ണം) | | | | | യോഗങ്ങളിലെ പങ്കാളിത്തം | | | | നടന്ന ശില്പശാലകൾ | | മിഷൻ നൽകിയ പരിശീലനങ്ങൾ | | മിഷൻ നടത്തിയ ഇടപെടലുകളുടെ എണ്ണം | പ്രവർത്തികളിലുള്ള ജനപങ്കാളിത്തം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | ജില്ലാ തലം | ബ്ലോക്ക് തലം | പഞ്ചായത്ത് തലം | സ്ഥാപന തലം | ആകെ | ജനപ്രതിനിധികൾ | ഉദ്യോഗസ്ഥർ | മറ്റുള്ളവർ | ആകെ | എണ്ണം | പങ്കാളിത്തം | എണ്ണം | പങ്കാളിത്തം | | |
| കളക്ടറുടെ ജില്ലാ യോഗം | 2 | 0 | 0 | 0 | 2 | 0 | 17 | 0 | 17 | 0 | 0 | 0 | 0 | 0 | 0 |
| ജില്ലാ മിഷൻ യോഗം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| തദ്ദേശ മിഷൻ യോഗം | 0 | 0 | 83 | 0 | 83 | 664 | 690 | 308 | 1662 | 11 | 155 | 0 | 0 | 10 | 0 |
| മാലിന്യ സംസ്കരണം | 24 | 88 | 437 | 56 | 605 | 3178 | 4153 | 7318 | 14649 | 72 | 6326 | 69 | 5720 | 632 | 127556 |
| ഹരിത വിദ്യാലയം | 2 | 7 | 128 | 339 | 476 | 853 | 1787 | 2565 | 5205 | 31 | 2123 | 20 | 1400 | 228 | 2418 |
| ഹരിത ഓഫീസ് | 4 | 16 | 114 | 700 | 834 | 1079 | 2255 | 643 | 3977 | 16 | 61 | 12 | 70 | 463 | 318 |
| ഹരിത ടൂറിസം | 3 | 5 | 31 | 8 | 47 | 155 | 187 | 113 | 455 | 1 | 11 | 1 | 10 | 74 | 112 |
| മാപത്തോൺ | 0 | 0 | 7 | 2 | 9 | 46 | 41 | 215 | 302 | 0 | 0 | 1 | 31 | 22 | 180 |
| ജല ബജറ്റ് | 6 | 24 | 112 | 16 | 158 | 737 | 1051 | 589 | 2377 | 31 | 962 | 12 | 338 | 159 | 216 |
| നീരുറവ് | 23 | 73 | 182 | 5 | 283 | 1095 | 2457 | 700 | 4252 | 32 | 1206 | 9 | 450 | 153 | 111 |
| നെറ്റ് സീറോ കാർബൺ | 4 | 1 | 29 | 2 | 36 | 203 | 228 | 558 | 989 | 2 | 108 | 573 | 15202 | 60 | 55 |
| കാർഷിക പ്രവർത്തനങ്ങൾ | 3 | 4 | 81 | 10 | 98 | 426 | 345 | 687 | 1458 | 10 | 478 | 0 | 0 | 185 | 456 |
| പച്ചത്തുരുത്ത് | 3 | 1 | 29 | 71 | 104 | 110 | 312 | 250 | 672 | 11 | 192 | 2 | 7 | 151 | 34 |
| ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ | 17 | 6 | 66 | 218 | 307 | 1440 | 1908 | 1383 | 4731 | 5 | 70 | 15 | 415 | 561 | 290 |
| തനതു പ്രവർത്തനം | 12 | 2 | 28 | 24 | 66 | 220 | 255 | 1041 | 1516 | 0 | 0 | 7 | 302 | 80 | 544 |
| ആകെ | 103 | 227 | 1327 | 1451 | 3108 | 10206 | 15686 | 16370 | 42262 | 222 | 11692 | 721 | 23945 | 2778 | 132290 |